നം.കെ.എസ്.എ.പി.റ്റി.എ./പി **11/676/17** തീയതി **: 24-06-2017**

പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപ്പഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

***(1994-**ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **13-**ാം വകുപ്പ്, **1994-**ലെ കേരള പഞ്ചായത്ത് രാജ് നിയമം**215(4)-**ാം വകുപ്പ് **,1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)***

വടശ്ശേരിക്കര ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപ്പഞ്ചായത്ത് 12-08-2016 മുതൽ 31-03-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

| | | |
|---|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | : | ശ്രീ ഹബീബ് മുഹമ്മദ്<br>ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റു നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 24-05-2017 മുതൽ<br>31-05-2017 വരെ | ശ്രീ സി അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ റ്റി അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി ജയപ്രഭ പി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ഷൈജു വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീ മണിയാർ രാധാകൃഷ്ണൻ (01-04-2016 മുതൽ 31-03-2017 വരെ) |

| | |
|---|---|
| സെക്രട്ടറി | ശ്രീ കെ ഗോപി (01-04-2016 മുതൽ 31-05-2016 വരെ) |
| | ശ്രീ ഡി സുരേന്ദ്രൻ, അസ്സി .സെക്രട്ടറി (സെക്രട്ടറിയുടെ അധികചുമതല) (01-06-2016 മുതൽ 22-07-2016 വരെ) |
| | ശ്രീ എൻ പ്രസാദ് ,എച്ച്.സി (സെക്രട്ടറിയുടെ അധികചുമതല) 23-07-2016 മുതൽ 07-08-2016 വരെ |
| | ശ്രീ കെ സി സുരേഷ് കുമാർ (08-08-2016 മുതൽ 31-03-2017 വരെ) |

റിപ്പോർട്ടിന്റെ ഉള്ളടക്കം.

ഈ റിപ്പോർട്ടിൽ നാല്ല ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1 :** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2 :** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3 :** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4 :** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

ഉള്ളടക്കം

ഭാഗം **1**


| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ദുരിതാശ്വാസ നിധി | 1-11 |
| 12 | ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ | 1-12 |

| | | |
|---|---|---|
| 13 | അനുബന്ധ പത്രികകൾ | 1-13 |

ഭാഗം-**II**

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ | 2-1 |
| 2 | മണൽ സംബന്ധിച്ചുള്ള അക്കൗണ്ട്- അപാകതകൾ | 2-2 |
| 3 | ഇടക്കുളം മാർത്തോമ്മാ ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത | 2-3 |
| 4 | ബിൽഡിംഗ് പെർമിറ്റ് - റഗുലറൈസേഷൻ ഫീ ഈടാക്കിയില്ല | 2-4 |
| 5 | മൊബൈൽടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 2-5 |
| 6 | അയ്യപ്പ മെഡിക്കൽ കോളേജ് - പെർമിറ്റും കെട്ടിട നമ്പരും നൽകിയതിൽ അപാകതകൾ | 2-6 |
| 7 | ഡി & ഒ ലൈസൻസ് ഫീ പിരിവ്- അപാകതകൾ | 2-7 |
| 8 | തൊഴിൽനികുതി പിരിവ്- അപാകതകൾ | 2-8 |
| 9 | ലേലം- ലേലതുക പൂർണ്ണമായി ഈടാക്കിയില്ല-രേഖകൾ സൂക്ഷിക്കുന്നതിൽ അപാകത | 2-9 |
| 10 | എല്ലാ മാർക്കറ്റ് സ്റ്റാളുകളും ലേലത്തിൽ നൽകിയില്ല; പഞ്ചായത്ത് ഫണ്ടിന് വരുമാന നഷ്ടം | 2-10 |
| 11 | ക്വാറികൾക്ക് ക്രമവിരുദ്ധമായി ലൈസൻസ് നൽകി | 2-11 |

ഭാഗം-**III**

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക ചെലവഴിക്കുന്നതിൽ ഗുരുതര വീഴ്ച | 3-1 |
| 2 | സോളാർ ലൈറ്റ് സ്ഥാപിക്കൽ; കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസ്സിച്ച ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് 52328 രൂപയുടെ നഷ്ടം | 3-2 |
| 3 | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണത്തിൽ വീഴ്ച; 30.67 ലക്ഷം രൂപ അടങ്കലുള്ള 9 പദ്ധതികൾ നടപ്പിലാക്കിയില്ല | 3-3 |
| 4 | എസ് എസ് എ- വിശദമായ വിനിയോഗ വിവരങ്ങൾ ലഭ്യമായില്ല | 3-4 |
| 5 | ആയുർവ്വേദ മരുന്നുകൾ ലഭ്യമായില്ല | 3-5 |
| 6 | ടെണ്ടർ ക്ഷണിക്കാതെ കമ്പ്യൂട്ടർ വാങ്ങി | 3-6 |
| 7 | ഗുണഭോക്താക്കൾക്കുള്ള സബ്സിഡി തുക ക്ഷീര സഹകരണ സംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ | 3-7 |
| 8 | ഹോമിയോ മരുന്നകൾ ലഭ്യമായില്ല | 3-8 |
| 9 | പ്രതിമാസ വെള്ളക്കരം ഒരുലക്ഷം രൂപയിലധികം- ഗാർഹിക കണക്ഷന് പദ്ധതികൾ ഏറ്റെടുക്കുന്നില്ല | 3-9 |
| 10 | കാർഷിക മേഖലയിലെ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല | 3-10 |

| | | |
|---|---|---|
| 11 | ബയോഗ്യാസ് പ്ലാന്റിന്റെ തുടർചെലവുകൾ വഹിക്കുന്നതിനുള്ള പ്രോജക്ട് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-11 |
| 12 | 28.29 ലക്ഷം രൂപ അടങ്കലുള്ള 7 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ഇല്ല | 3-12 |
| 13 | ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് മുടക്കിയ ലക്ഷങ്ങൾ പാഴായി | 3-13 |
| 14 | എഗ്ഗർ നേഴ്സറി- ശേഷിയിൽ കവിഞ്ഞ് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു | 3-14 |
| 15 | ഒട്ടനവധി ഗുണഭോക്താക്കൾ ഉണ്ടായിരുന്ന പശുവളർത്തൽ പദ്ധതികൾ നടപ്പിലായില്ല | 3-15 |
| 16 | ഭവന പുനരുദ്ധാരണ പദ്ധതികൾ; സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചില്ല | 3-16 |
| 17 | ലക്ഷംവീട് നിർമ്മാണപദ്ധതി നടപ്പിലായില്ല | 3-17 |
| 18 | അങ്കണവാടി പോഷകാഹാര പരിപാടിക്ക് എസ്.സി.പി ഫണ്ട് വകയിരുത്തി- സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-18 |
| 19 | അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയില്ല | 3-19 |
| 20 | ടി.എച്ച്.ആർ.എസ്.അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-20 |
| 21 | ചെലവ് മുൻകൂട്ടി കണ്ട് ട്രഷറിയിൽ നിന്നും തുക പിൻവലിച്ചു | 3-21 |
| 22 | ഇ- ടെണ്ടർ -ടെണ്ടർ ഫീസ് ഗ്രാമപ്പഞ്ചായത്ത് ഫണ്ടിലേക്കും വാറ്റ് സർക്കാർ ഫണ്ടിലേക്കും ക്രഡിറ്റ് ചെയ്തില്ല | 3-22 |
| 23 | പൂരകപോഷകാഹാര പ്രോജക്ടിന് ലഭ്യമാകുന്ന കേന്ദ്രഫണ്ട് ചെലവഴിക്കുന്നില്ല | 3-23 |
| 24 | നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതിന്റെ ഔദ്യോഗിക രസീത് ഇല്ല | 3-24 |
| 25 | സേവനനികുതി ഒടുക്ക് വരുത്തിയില്ല | 3-25 |
| 26 | കൺവീനർ പ്രവൃത്തികൾക്കായി ഹാജരാക്കുന്ന ബിൽ/വൗച്ചറുകളിൽ വിവിധ അപാകതകൾ | 3-26 |
| 27 | അലോട്ട്മെന്റ് തിരികെ നൽകി | 3-27 |
| 28 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല. വികസന ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് നഷ്ടം | 3-28 |

ഭാഗം-**IV**

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 4 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2016-17-ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ബജറ്റ് റിവൈസ് ചെയ്ത തീയതി |
|---|---|
| ഭരണസമിതിയുടെ 04-03-2016 ലെ I-ാം നമ്പർ തീരുമാനം | ഇല്ല |

ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| *ഇനം* | *പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം)* | *യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം)* | *വ്യത്യാസം* | |
|---|---|---|---|---|
| | | | *കൂടുതൽ* | *കുറവ്* |
| മുന്നിരിപ്പ് | 7516006 | 10350484 | 2834478 | |
| വരവ് | 110484500 | 58896087 | | 51588413 |
| ആകെ | 118000506 | 69246571 | | 48753935 |
| ചെലവ് | 111748000 | 54082051 | | 57665949 |
| നീക്കിയിരിപ്പ് | 6252506 | 15164520 | | 8912014 |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക 17 പ്രകാരം വാർഷിക പദ്ധതി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആയതിലുണ്ടാകുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി ബജറ്റ് റിവൈസ് ചെയ്ത് ഭരണസമിതിയുടെ അംഗീകാരം വാങ്ങേണ്ടതാണ്. എങ്കിൽ മാത്രമെ പദ്ധതി ചെലവുകൾ നിയമാനുസൃതമാകുകയുള്ളൂ. വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 15.05.2017 | 12-05-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ പറയുന്ന ന്യൂനതകൾ ഉണ്ട്.

1. വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വസ്തുനികുതി ഡിമാന്റ്, നീക്കിബാക്കി തുകകൾ കൃത്യമല്ല. സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തു നികുതി പോസ്റ്റിംഗ് കൃത്യമല്ല.
2. ഷെഡ്യൂൾ B15- തൊഴിൽനികുതി (നടപ്പ് വർഷം) പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി 18500 എന്ന് കാണിച്ചിരിക്കുന്നു. പ്രസ്തുത തുക ആരിൽ നിന്ന് പിരിച്ചെടുക്കാനുള്ളതാണെന്നതിന് രേഖകളില്ല
3. ഷെഡ്യൂൾ B15- വാടക- കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുള്ളതായി കാണിച്ചിരിക്കുന്ന തുകയ്ക്ക് കൃത്യതയില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 10350484 |
| വരവ് | 58896087 |
| ആകെ | 69246571 |
| ചെലവ് | 54082051 |
| നീക്കിബാക്കി | 15164520 |

# 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് പ്രകാരമുള്ള അലോട്ട്മെന്റ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി | നീക്കി ബാക്കി (RP40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12907114 | 12907114 | 10585031 | 2322083 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4500189 | 4500189 | 1845863 | 2654326 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 218511 | 218511 | 56975 | 161536 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 22986177 | 22986177 | 13629103 | 9357074 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3439008 | 3439008 | 1687472 | 1751536 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 6544796 | 6544796 | 4218937 | 2328859 | 0 |
| ലോക ബാങ്ക് സഹായം | 0 | 3823943 | 3823943 | 1850353 | 1973590 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 151 | 102 | - | 49 | 67.55 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 24 | 15 | 12740255 | 8008249 | 62.86 |
| കൃഷി ഓഫീസർ | 3 | 3 | 1521000 | 673055 | 44.25 |

| | | | | | |
|---|---|---|---|---|---|
| വെറ്റിനറി സർജൻ | 6 | 4 | 4580094 | 716400 | 15.64 |
| വി.ഇ.ഒ | 5 | 3 | 6257600 | 3880200 | 62.01 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 87 | 55 | 32998684 | 16022324 | 48.55 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5 | 4251408 | 3620023 | 85.15 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 6 | 6 | 1178800 | 1178750 | 99.99 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 300000 | 300000 | 100 |
| ഹെഡ് മാസ്റ്റർ | 2 | 2 | 711000 | 657570 | 92.49 |
| അസ്സിസ്റ്റന്റ് സെക്രട്ടറി | 8 | 6 | 4312011 | 961363 | 22.30 |
| ആകെ | **151** | **102** | **72050852** | **36274737** | **50.35** |

വെറ്റിറനറി സർജൻ നിർവ്വഹിച്ച പദ്ധതികളുടെ ചെലവ് 15.64% മാത്രമാണ്. പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഭരണസമിതി കർശനമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. സ്പിൽ ഓവർ പ്രോജക്ടുകൾക്ക് തുക ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതി നിർവ്വഹണത്തിലുണ്ടായ ഗുരുതരമായ അപാകതയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകേണ്ടതാണ്

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4402065 | 6495894 | 2093829 | 47.56% |
| നികുതിയേതര വരവുകൾ | 800509 | 2344770 | 1544261 | 192.9% |
| മറ്റ് വരവുകൾ | 205805 | 718387 | 512582 | 249.06% |
| ആകെ | 5408379 | 9559051 | 4150672 | 76.75% |

മുൻവർഷത്തേക്കാൾ കൂടുതലായി തനത് വരുമാനത്തിലുണ്ടായ വർദ്ധനവ് അഭിനന്ദനാർഹമാണ്.

# 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2016-17-ൽ ലഭിച്ച അപേക്ഷകൾ | പെൻഷൻ അനുവദിച്ചത് | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 13 | 13 | - |
| 2 | തൊഴിൽ രഹിത വേതനം | 3 | - | 3 |
| 3 | വിധവാ പെൻഷൻ | 53 | 50 | 3 |
| 4 | വികലാംഗ പെൻഷൻ | 20 | 20 | - |

| | | | | |
|---|---|---|---|---|
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | - | - | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 548 | 446 | 102 |

തൻവർഷം ലഭിച്ച പെൻഷൻ അപേക്ഷകളിൽ 181 എണ്ണം( വിധവാ പെൻഷൻ–23, വാർദ്ധക്യകാല പെൻഷൻ– 158 എണ്ണം ) ചട്ടം അനുശാസിക്കുന്ന 45 ദിവസത്തിനുള്ളിൽ തീർപ്പ് കൽപ്പിച്ചില്ല. അന്വേഷണ ഉദ്യോഗസ്ഥർ യഥാസമയം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാത്തത് മൂലമാണ് കാലതാമസം ഉണ്ടായത്. പെൻഷൻ അപേക്ഷകളിൽ യഥാസമയം തീർപ്പ് കൽപ്പിക്കുന്നതിന് ഭരണസമിതി ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-05-2017 ന് സ്ഥാപനത്തിലെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 18407രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 21-02-2017 മുതൽ 22-02-2017 വരെ | 2016 ഡിസംബർ,2017 ജനുവരി | ലഭിച്ചില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10-05-2007 മുതൽ 23-05-2007 വരെ | 1997-98 മുതൽ 2006-07 വരെ | 02-07-2007 | ഇല്ല |

# 1-11 ദുരിതാശ്വാസ നിധി

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും അതിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

# 1-12 ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ

എ)സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

ഗ്രാമപ്പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത തീയതി,വൗച്ചറിന്റെ നമ്പരും തീയതിയും, ആരിൽ നിന്നും ലഭിച്ചു, ആർക്ക് കൊടുത്തു, നീക്കി ബാക്കി, കൈപ്പറ്റിയ ആളിന്റെ ഒപ്പ്, ഇവയൊന്നും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

ഗ്രാമലക്ഷ്മി മുദ്രണാലയത്തിൽ നിന്നും 2017 മെയ് മാസത്തിൽ ഗ്രാമപ്പഞ്ചായത്തിലേക്ക് ആവശ്യമായ രജിസ്റ്ററുകളും പേപ്പറുകളും ഫാറങ്ങളും വാങ്ങിയിട്ടുണ്ട്.ഇവയുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ സ്റ്റോക്കിലെടുത്ത തീയതി വിതരണ വിവരം ഇവ രേഖപ്പെടുത്തിയിട്ടില്ല.

ബി) കരാറുകാർ വാറ്റ് ബാധ്യത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല

വാണിജ്യ നികുതി കമ്മീഷണറുടെ 31-03-2011ലെ 5/2011 നം. സർക്കുലർ പ്രകാരം കരാറുകാർക്ക് പാർട്ട് ബിൽ / ഫൈനൽ ബിൽ തുക നൽകുമ്പോൾ വാണിജ്യ നികുതി വകുപ്പിൽ നിന്നും നൽകുന്ന ഫോറം 1EE പ്രകാരമുള്ള ബാദ്ധ്യതാ

സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതും ആയത് പ്രകാരം ടി.ഡി.എസ് ഈടാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം 2003 ലെ കേരള മൂല്ല്യ വർദ്ധിത നിയമം സെക്ഷൻ 10(2),2(എ),(11)എ,ബി എന്നിവ പ്രകാരം സ്രോതസ്സിൽ നിന്നും നികുതി ഈടാക്കി സർക്കാരിലേക്ക് ഓൺലൈനായി അടവാക്കേണ്ടതാണ്. എന്നാൽ കരാറുകാർ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ പ്രസ്തുത സർട്ടിഫിക്കറ്റ് ആവശ്യപ്പെടുകയോ ഹാജരാക്കുകയോ ചെയ്യുന്നില്ല. ആയതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-13 അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ

ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് നിക്ഷേപിക്കുന്നതിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ പരിപാലിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | അക്കൗണ്ട് നമ്പർ | 31.03.17-ലെ ബാലൻസ് തുക |
|---|---|---|---|
| 1 | വടശ്ശേരിക്കര സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 3 | 9247036.65 |
| 2 | ജില്ലാ സഹകരണ ബാങ്ക്-വടശ്ശേരിക്കര ശാഖ | 1 | 6491 |
| 3 | തനത് ഫണ്ട് അക്കൗണ്ട്- സബ്ബ് ട്രഷറി, വടശ്ശേരിക്കര | | 82928 |
| 4 | എസ് ബി റ്റി (ഇംപ്രസ്റ്റ് അക്കൗണ്ട്) | | 77 |
| 5 | സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് | | 393 |

തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ആയി ഒരു ബാങ്ക് അക്കൗണ്ട് മാത്രമേ പരിപാലിക്കാൻ പാടുള്ളൂ എന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.05.2011 ലെ 58725/എഫ്.എം3/2008/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സുതാര്യമായ സാമ്പത്തിക നിയന്ത്രണത്തിനായി, സക്രിയമായ ഒരു അക്കൗണ്ട് ഒഴികെ മറ്റ് ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ബാലൻസ് തുക തനത് വരുമാനം സൂക്ഷിക്കുന്നതിന് നിലനിർത്താൻ ഉദ്ദേശിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ക്രമ നമ്പർ 2 മുതൽ 5 വരെയുള്ള അക്കൗണ്ടുകൾ നിലവിൽ പണമിടപാടുകൾ നടക്കാതെ നിഷ്ക്രിയമാണ്. ടി സാഹചര്യത്തിൽ പ്രസ്തുത അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന തുകകൾ കൂടി നിലനിർത്തുന്ന തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-2 മണൽ സംബന്ധിച്ചുള്ള അക്കൗണ്ട് - അപാകതകൾ

മണൽ സംബന്ധമായി ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മണൽ നൽകിയ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് എത്ര തുകയാണ് ലഭിക്കേണ്ടത്, അപേക്ഷ നൽകിയിട്ടും മണൽ നൽകാത്തതിനാൽ എത്ര തുക തിരികെ നൽകാനുണ്ട് എന്നിങ്ങനെയുള്ള വിവരങ്ങൾ ആർക്കും ബോദ്ധ്യപ്പെടാത്ത അവസ്ഥയാണുള്ളത്.

2010 ജൂൺ മാസം മുതലാണ് മണൽ വാരി പാസ്സ് മുഖേന ഉണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി ലഭിച്ചത്. മണൽ സംബന്ധിച്ചുള്ള ഇടപാടുകൾക്കായി വടശ്ശേരിക്കര സർവ്വീസ് സഹകരണ ബാങ്കിൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ട് ആരംഭിച്ചു. (അക്കൗണ്ട് നം-2646). 2010 ഡിസംബർ മാസം വരെയാണ് ഇപ്രകാരം ഗ്രാമപഞ്ചായത്ത് മണൽ നേരിട്ട് വാരി വിതരണം നടത്തിയത്. 2010 ജനുവരി മാസം മുതൽ മണൽ വാരലിന് ഹൈക്കോടതി ഏർപ്പെടുത്തിയ നിരോധനം ഇപ്പോഴും തുടരുന്നു. 2010 ഡിസംബറിനു ശേഷം മണൽ അക്കൗണ്ടിലേക്ക്

ഗ്രാമപഞ്ചായത്തിന് വരവായി തുകയൊന്നും തന്നെ (പലിശയിനത്തിലുള്ള വരവൊഴികെ) ലഭിച്ചിട്ടില്ല.

മണൽ വാരലിന് പെട്ടെന്ന് നിരോധനം ഉണ്ടായതിനാൽ അപേക്ഷ സമർപ്പിച്ച എല്ലാ ഗുണഭോക്താക്കൾക്കും മണൽ നൽകാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചില്ല. മണൽ സംബന്ധമായ ഇടപാടുകളുടെ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കാത്തതിനാൽ എത്ര ഗുണഭോക്താക്കൾക്ക് മണൽ നൽകി, എത്ര പേർക്ക് ഇനി നൽകാനുണ്ട് ,ഓരോ ഗുണഭോക്താവും അടച്ച തുക എത്രയാണ് ,ഒരാൾ എത്ര ലോഡ് മണലിന് തുക അടച്ചു എന്നിങ്ങനെയുള്ള വിവരങ്ങൾ മനസ്സിലാക്കാൻ കഴിയുന്നില്ല.

ഒരു ലോഡ് മണലിന് 5000/- രൂപയാണ് ഗ്രാമപ്പഞ്ചായത്തിൽ അടവാക്കേണ്ടിയിരുന്നത്. ഇതിൽ ഗ്രാമപ്പഞ്ചായത്തിന് ലഭിക്കുന്ന വിഹിതം 600 രൂപയാണ്. മണൽ നൽകിയവരിൽ നിന്നും ഗ്രാമപഞ്ചായത്തിന് ഇപ്രകാരം ഓരോ ലോഡിൽ നിന്നും 600/- രൂപ എന്ന കണക്കെ ലഭിച്ച തുകയും ടി അക്കൗണ്ടിൽ ഇപ്പോഴും നിഷ്ക്രിയമായി അവശേഷിക്കുന്നു. തുകയുടെ കൃത്യത ഉറപ്പില്ലാത്തതിനാലാണ് ഇപ്രകാരം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കാതെ ലഭിച്ച തുക അക്കൗണ്ടിൽ സൂക്ഷിക്കേണ്ട സാഹചര്യമുള്ളത്.

31-03-2017 ൽ പ്രസ്തുത അക്കൗണ്ടിൽ അവശേഷിച്ചിരിക്കുന്ന തുക 157297/- രൂപയാണ്. ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള മണൽ നൽകിയ പാസ്സുകളുടെ പകർപ്പ്, തുക അടവാക്കിയ രസീതുകൾ എന്നിവ പരിശോധിച്ച് മണൽ നൽകിയ ഇനത്തിൽ ലഭിക്കേണ്ട തുകയുടെ കൃത്യത ഉറപ്പുവരുത്തി ടി തുക ഉപയോഗപ്പെടുത്തേണ്ടതാണ്. മൂന്നുവർഷ കാലാവധിക്കുശേഷവും ടി തുക ഗുണഭോക്താക്കൾ ഡിമാന്റ് ചെയ്യാതെ അക്കൗണ്ടിൽ അവശേഷിക്കുന്ന സാഹചര്യത്തിൽ കേരള ഫിനാൻഷ്യൽ കോഡ് (വാല്യം 1) ആർട്ടിക്കിൽ 56(b) പ്രകാരം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 ഇടക്കുളം മാർത്തോമ്മാ ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത

ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള ഇടക്കുളം മാർത്തോമ്മാ ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററിന്റെയും ഹോസ്റ്റൽ കെട്ടിടത്തിന്റെയും വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകതകൾ ഉണ്ടായിട്ടുണ്ട്. നിർണ്ണയിച്ചിട്ടുള്ള വസ്തുനികുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | അടിസ്ഥാന നികുതി (ച.മീ) | നിർണ്ണയിച്ച വസ്തു നികുതി |
|---|---|---|---|---|
| മാർത്തോമ്മാ ടീച്ചേഴ്സ് ട്രെയിനിംഗ് സെന്റർ | 2/291 | 200 ച.മീ | 7 | 1400 |
| മാർത്തോമ്മാ ടീച്ചേഴ്സ് ട്രെയിനിംഗ് സെന്റർ– ഹോസ്റ്റൽ | 2/292 | 200 ച.മീ | 7 | 1400 |

വസ്തു നികുതി നിർണ്ണയം നടത്തിയതു സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ നിന്നും കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം രേഖപ്പെടുത്തിയതിൽ അപാകതകൾ ഉണ്ടായിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ 30-05-2017 ൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിനായി തറവിസ്തീർണ്ണം എടുത്തതിൽ വളരെയധികം കുറവുണ്ടായിട്ടുണ്ടെന്ന് മനസ്സിലായി. തുടർന്ന് ഗ്രാമപ്പഞ്ചായത്തിലെ ഓവർസിയർ കെട്ടിടത്തിന്റെ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തുകയും റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കുകയും ചെയതിട്ടുണ്ട്. ഇത് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | അടിസ്ഥാന നികുതി |
|---|---|---|---|
| മാർത്തോമ്മാ ടീച്ചേഴ്സ് ട്രെയിനിംഗ് സെന്റർ | 2/291 | 2187.60 ച.മീ | 7 |
| മാർത്തോമ്മാ ടീച്ചേഴ്സ് ട്രെയിനിംഗ് സെന്റർ– ഹോസ്റ്റൽ | 2/292 | 876 ച.മീ | 7 |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം മാർത്തോമ്മാ ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററിന്റെ വാർഷിക വസ്തു നികുതി 15307 രൂപയായും ( 2187.60 x 7), ഹോസ്റ്റൽ കെട്ടിടത്തിന്റെ വസ്തുനികുതി 6132 രൂപയായും ( 876 x 7) 01-04-2013 മുതൽ പുതുക്കി നിർണ്ണയിക്കാവുന്നതാണ് എന്ന് ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകി( നം-21/2017 തീയതി 30-05-2017)

ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ചതായും ആയതിന്റെ ഡിമാന്റ് നോട്ടീസുകൾ നൽകിയതായും സെക്രട്ടറി മറുപടി നൽകി. മാർത്തോമ്മാ ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററിന്റെ വസ്തുനികുതി 15314 രൂപയായും കോളേജ് ഹോസ്റ്റലിന്റെ വസ്തുനികുതി 6132 രൂപയായും പുതുക്കി നിശ്ചയിച്ചാണ് ഡിമാന്റ്

നോട്ടീസ് നൽകിയത്. പുതുക്കി നിർണ്ണയിച്ച വസ്തുനികുതി 01-04-2013 മുതൽ കുടിശ്ശിക സഹിതം ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 ബിൽഡിംഗ് പെർമിറ്റ്- റഗുലറൈസേഷൻ ഫീ ഈടാക്കിയില്ല

മാത്യു തോമസ്, നട്ടവിലേത്ത് കുഴിപ്പറമ്പിൽ, ഇടത്തറ എന്നയാൾക്ക് 268.28 ച.മീ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിന് പെർമിറ്റ് നം- A1-5997/14 തീയതി 15-02-2014 പ്രകാരം പെർമിറ്റ് നൽകിയിരുന്നു. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം 331.50 ച.മീ കെട്ടിടം നിർമ്മാണമാണ് ടിയാൻ പൂർത്തീകരിച്ചിട്ടുള്ളത്. ആയതിന് 9-6-2016 ൽ ഫയൽ നം- A1/1327/16 പ്രകാരം (14/802 )ഗ്രാമപ്പഞ്ചായത്തിൽ നിന്ന് നമ്പരിട്ട് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അധികനിർമ്മാണം നടത്തിയതിന് റഗുലറൈസേഷൻ ഫീ ഈടാക്കിയിട്ടില്ല. 63.22 ച.മീ അധികനിർമ്മാണം നടത്തിയതിന് ക്രമവൽക്കരണ ഫീ ഇനത്തിൽ 632 രൂപ ഈടാക്കേണ്ടതായിരുന്നു. അപാകതക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-25/30-05-2017) നൽകി.

ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപ്പഞ്ചായത്ത് ക്രമവൽക്കരണ ഫീസായ 632 രൂപ രസീത് നം- 117030100861/30-05-2017 പ്രകാരം ടിയാനിൽ നിന്ന് ഈടാക്കി മറുപടി ലഭ്യമാക്കി. വരവിനങ്ങൾ കൃത്യമായി ഈടാക്കുന്നതിൽ ഗ്രാമപ്പഞ്ചായത്ത് കൂടുതൽ ഉത്തരവാദിത്വം കാട്ടേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽടവറുകളുടെ വസ്തു നികുതി പുതിയനിരക്കിൽ ഡിമാന്റ് ചെയ്തുവെങ്കിലും നാളിതുവരെ പുതുക്കിയ നിരക്കിലുള്ള നികുതി ഗ്രാമപ്പഞ്ചായത്തിന് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ടവറിന്റെ വിവരം | പ്ലിന്ത് ഏരിയ | വാർഡ്നം/കെട്ടിട നം | ഡിമാന്റ് ചെയ്ത നികുതി |
|---|---|---|---|---|
| 1 | ഇൻഡസ് ടവർ ലിമിറ്റഡ് | 15 ച.മീ | 5/456 | 9000 |
| 2 | ടവർവിഷൻ ഇൻഡ്യ | 16.5 ച.മീ | 8/622 | 6612 |
| 3 | ഇൻഡസ് ടവർ | 15 ച.മീ | 8/623 | 6301 |
| 4 | റിലയൻസ് ഇൻഫോകോം | 12.3 ച.മീ | 15/584 | 8119 |

മേൽപ്പറഞ്ഞ നാല് ടവറുകളുടെയും വസ്തുനികുതി പുതിയ നിരക്കിൽ ഡിമാന്റ് ചെയ്തുവെങ്കിലും സ്ഥാപന ഉടമകൾ വസ്തുനികുതി അടവാക്കാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ 01-04-2013 മുതൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പുതിയ നിരക്കിലുള്ള വസ്തുനികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 അയ്യപ്പ മെഡിക്കൽ കോളേജ് - പെർമിറ്റും കെട്ടിട നമ്പറും നൽകിയതിൽ ഗുരുതരമായ അപാകതകൾ– അന്വേഷണ വിധേയമാക്കേണ്ടതാണ്.

പി.എസ്.എൻ എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉടമസ്ഥതയിൽ ഗ്രാമപ്പഞ്ചായത്തിലെ 12-ാം വാർഡിലുള്ള അയ്യപ്പ മെഡിക്കൽ കോളേജ് കെട്ടിടങ്ങൾക്ക് 30-03-2017 ൽ നമ്പരിട്ട് നൽകി.12/640 മുതൽ 12/752 വരെയുള്ള നമ്പരുകളാണ് നൽകിയിരിക്കുന്നത്. 143820 രൂപ വസ്തുനികുതിയായി ഈടാക്കുകയും ചെയ്തു.

പ്രസ്തുത നിർമ്മാണത്തിന് 25-03-2015 ൽ A-01-4428/88/2015 നമ്പരായി പെർമിറ്റ് നൽകിയിരുന്നു. 100123.63 ച.മീ കെട്ടിട നിർമ്മാണത്തിനാണ് പെർമിറ്റ് നൽകിയിട്ടുള്ളത്. ചീഫ് ടൗൺ പ്ലാനറുടെ 24-03-2015 ലെ ഉത്തരവ് നമ്പർ. സി3-9016/14/D Dis പ്രകാരം കെട്ടിടങ്ങളുടെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ ഫയർ ആൻഡ് സേഫ്റ്റി, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവയിൽ നിന്നും എൻ.ഒ.സി, State Level Impact Assessment Authority-യുടെ അനുമതി എന്നിവ വാങ്ങിയതിനു ശേഷം മാത്രമേ പെർമിറ്റ് നൽകാവൂ എന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത അനുമതികൾ ഒന്നും ഉറപ്പുവരുത്താതെയാണ് 25-03-2015 ൽ മെഡിക്കൽ കോളേജ് കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിക്കയച്ച കത്തിൽ ( നം- 764513/ ആർ.എ1/2016/ ത.സ്വ.ഭ.വ തീയതി 05-08-2016) ഫയർ ആൻഡ് സേഫ്റ്റി, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവയിൽ നിന്നും എൻ.ഒ.സി, State Level Impact Assessment

Authority-യുടെ അനുമതി എന്നിവ ഇല്ലാതെ പെർമിറ്റ് നൽകിയിരിക്കുന്നത് ഗുരുതരമായ ചട്ടലംഘനമായതിനാൽ ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി വിശദീകരണം നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്. ഈ വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇതിന്മേൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേകിച്ച് സെക്രട്ടറിയുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ ചട്ടലംഘനം ഗൗരവതരമായി കാണുവാനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

27-07-2016 ൽ കെട്ടിട നമ്പർ ലഭിക്കുന്നതിനായി പി.എസ്.എൻ എഡ്യൂക്കേഷണൽ ചാരിറ്റബിൾ സൊസൈറ്റി ചെയർമാൻ ഗ്രാമപ്പഞ്ചായത്തിൽ അപേക്ഷ നൽകി. 22-10-2016 ൽ ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി പി.എസ്.എൻ എഡ്യൂക്കേഷണൽ ചാരിറ്റബിൾ സൊസൈറ്റി ചെയർമാന് നൽകിയ കത്തിൽ മെഡിക്കൽ കോളേജ് കെട്ടിടങ്ങൾക്ക് നമ്പരിട്ട് നൽകാൻ കഴിയില്ല എന്ന് അറിയിച്ചു. State Level Impact Assessment Authority-യുടെ അനുമതി ലഭിച്ചില്ല എന്ന കാരണത്താലാണ് നമ്പർ നൽകാൻ കഴിയില്ല എന്ന് അറിയിച്ചത്. 26-02-2016 ൽ നിബന്ധനകൾക്ക് വിധേയമായി കെട്ടിട നിർമ്മാണത്തിന് ഫയർ ആൻഡ് സേഫ്റ്റി എൻ.ഒ.സി നൽകിയിരുന്നു. 26-07-2016 ൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതിയും ലഭിച്ചിരുന്നു.26-02-2016 ൽ നൽകിയ എൻ.ഒ.സി യിൽ കംപ്ലീഷൻ നൽകുന്നതിന് മുമ്പായി അന്തിമ എൻ.ഒ.സി നൽകുന്നതാണെന്ന് അറിയിച്ചു. എന്നാൽ ഫയർ ആൻഡ് സേഫ്റ്റി വകുപ്പിന്റെ അന്തിമ അനുമതി കൂടാതെയാണ് കെട്ടിടത്തിന് നമ്പർ നൽകിയത്. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (നം-35/30-05-2017) കെട്ടിടത്തിന്റെ നിർമ്മാണം പൂർണ്ണമായും പൂർത്തീകരിച്ച് കംപ്ലീഷൻ സമർപ്പിച്ചിട്ടില്ലായെന്നും ഗ്രൗണ്ട് ഫ്ലോറിനും ഒന്നാംനിലയ്ക്കും മാത്രമാണ് നിലവിൽ കെട്ടിടനമ്പർ നൽകിയതെന്നും പൂർണ്ണമായും കെട്ടിടനമ്പർ നൽകുന്നതിന് മുമ്പായി ഫയർ ആൻഡ് സേഫ്റ്റിയുടെ എൻ.ഒ.സി ഉറപ്പുവരുത്തുമെന്നുമാണ് അറിയിച്ചത്. കെട്ടിടത്തിന് പൂർണ്ണമായും നമ്പർ നൽകി ഒക്കുപെൻസി കൊടുക്കുന്നതിന് മുമ്പായി പ്രസ്തുത എൻ.ഒ.സി വാങ്ങേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നും 15-03-2017 ലെ 1296081/17 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജ് കെട്ടിടങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി നമ്പരിട്ട് നൽകാൻ 17-03-2017 ൽ ജി1-1033/17 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശം നൽകി. എൻവയോൺമെന്റ് ക്ലീയറൻസ് ലഭിക്കുന്ന മുറയ്ക്ക് ആയത് പഞ്ചായത്തിൽ ഹാജരാക്കുമെന്നും ലഭ്യമാകുന്നില്ലായെങ്കിൽ അനുവദിച്ച് നൽകിയ നമ്പർ ക്യാൻസൽ ചെയ്യണമെന്നും ആയതിനായി ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി സ്ഥാപനവുമായി എഗ്രിമെന്റ് വയ്ക്കണമെന്നും പ്രസ്തുത കത്തിൽ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 20-03-2017 ൽ സ്ഥാപനവുമായി ഗ്രാമപ്പഞ്ചായത്ത് കരാറിൽ ഏർപ്പെടുകയും കെട്ടിടത്തിന് നമ്പരിട്ട് നൽകുകയുമാണ് ചെയ്തിട്ടുള്ളത്. State Level Impact Assessment Authority യുടെ അനുമതി ഓഡിറ്റ് വേളയിലും ലഭ്യമായിട്ടില്ലായെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. പ്രസ്തുത അനുമതി ലഭ്യമാകാത്ത സാഹചര്യമാണുള്ളതെങ്കിൽ എഗ്രിമെന്റ് പ്രകാരം നൽകിയ കെട്ടിടനമ്പരുകൾ റദ്ദാക്കുന്നതിന് ഗ്രാമപ്പഞ്ചായത്തിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. ഫയർ ആൻഡ് സേഫ്റ്റി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, State Level Impact Assessment Authority എന്നിവയുടെ അനുമതി ഇല്ലാതെ പെർമിറ്റ് നൽകിയതിനാൽ ടി വിഷയത്തിൽ സർക്കാർ തലത്തിലുള്ള അന്വേഷണം ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-7 ഡി. & ഒ. ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ

2016-17-ലെ ഡി. & ഒ. ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡിമാന്റ് രജിസ്റ്റർ പ്രകാരം 2016-17 വർഷാരംഭത്തിൽ 43410 രൂപ ലൈസൻസ് ഫീസ് ഇനത്തിൽ കുടിശ്ശിക ഉള്ളതായും, ഇതിൽ 13450 രൂപ തൻവർഷം പിരിച്ചെടുത്തിട്ടുള്ളതായും കാണിച്ചിരിക്കുന്നു. ഡി. & ഒ. ലൈസൻസ് ഫീസ് കുടിശ്ശിക പിരിവ് നടത്തുന്നതിന് ചട്ടത്തിൽ വ്യവസ്ഥയില്ല്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ഡി.&ഒ. ലൈസൻസ് ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാതെ ലൈസൻസ് ഫീസ് കുടിശ്ശികയായി കണ്ട് പിരിച്ചെടുത്ത നടപടി ക്രമപ്രകാരമല്ല.
2. 2015-16-ലെ ഡിമാന്റ് രജിസ്റ്റർ പ്രകാരം പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്ന ലൈസൻസ് ഫീസ് 10300 രൂപയാണ്. എന്നാൽ 2016-17 വർഷത്തെ കുടിശ്ശിക ഡിമാന്റ് 43410 രൂപയെന്നാണ് കാണിച്ചിരിക്കുന്നത്. ലൈസൻസ് എടുക്കാത്ത വ്യാപാരികളുടെ വിവരം ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച മറ്റ് രജിസ്റ്ററുകൾ ഒന്നുംതന്നെ സൂക്ഷിച്ചിട്ടുമില്ല. ഇക്കാരണത്താൽ ടി കണക്കുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
3. ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റ് തുകകൾ കൂട്ടി എഴുതി കൃത്യമായ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ കണക്കാക്കിയിട്ടില്ല. സാംഖ്യ അക്കൗണ്ട് പ്രകാരമുള്ള തുകകളാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇക്കാരണത്താൽ ഡിമാന്റ് കളക്ഷൻ തുകകളുടെ കൃത്യത ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-8 തൊഴിൽ നികുതി പിരിവ് - അപാകതകൾ

ഓഡിറ്റ് വർഷത്തെ തെഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റിൽനിന്നും ഒഴിവാക്കി

മുൻവർഷം (2015-16) വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരെ തൻവർഷം തൊഴിൽനികുതി ഡിമാന്റിൽനിന്നും ഒഴിവാക്കിയിരിക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | മുൻവർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം | | |
|---|---|---|---|---|
| | | ജീവനക്കാരുടെ എണ്ണം | 1-ാം അർദ്ധവർഷം ഈടാക്കിയ നികുതി | 2-ാം അർദ്ധവർഷം ഈടാക്കിയ നികുതി |
| 1 | റബ്ബർ ബോർഡ് റീജിണൽ ഓഫീസ് | 1 | 1250 | 0 |
| 2 | ബ്ലോക്ക് റൂറൽ ഹൗസിംഗ് സൊസൈറ്റി, | 2 | 2000 | 1850 |
| 3 | സർക്കിൾ ഓഫീസ് | 2 | 2550 | 0 |
| 4 | DTDC കൊറിയർ സർവ്വീസ് | | 0 | 1250 |
| 5 | പോസ്റ്റ് ഓഫീസ്, കുമരംപേരൂർ-തെക്കേക്കര | 2 | 0 | 1500 |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരെ തൻവർഷ തൊഴിൽ നികുതി ഡിമാന്റിൽനിന്നും ഒഴിവാക്കിയതുമൂലം പഞ്ചായത്ത് ഫണ്ടിന് കുറഞ്ഞത് 16850 രൂപ നഷ്ടമുണ്ടായിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(2) 2-ാം അർദ്ധവർഷത്തെ തൊഴിൽനികുതി ഡിമാന്റ് ചെയ്തില്ല

ഓഡിറ്റ് വർഷം 1-ാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുള്ള താഴെപറയുന്ന സ്ഥാപനങ്ങളിൽനിന്നും 2-ാം അർദ്ധവർഷം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | 1-ാം അർദ്ധവർഷം ഈടാക്കിയ നികുതി |
|---|---|---|---|
| 1 | മൗണ്ട് സിയോൺ സെൻട്രൽ സ്കൂൾ | 5 | 900 |
| 2 | പോസ്റ്റ് ഓഫീസ്, മണിയാർ | 2 | 600 |
| 3 | കേരള വാട്ടർ അതോറിറ്റി, പി.എച്ച്. സെക്ഷൻ | 3 | 3750 |
| 4 | ശബരി ഗ്യാസ് ഏജൻസി | - | - |

ശബരി ഗ്യാസ് ഏജൻസി രണ്ട് അർദ്ധവർഷങ്ങളിലെയും നികുതി ഒടുക്കിയിട്ടില്ല. അതുപോലെതന്നെ കെ.എസ്.ഇ.ബി., ബി.എസ്.എൻ.എൽ. എന്നീ സ്ഥാപനങ്ങളുടെ രണ്ട് അർദ്ധവർഷങ്ങളിലേയും സ്ഥാപന തൊഴിൽനികുതിയും ഈടാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(3) തൊഴിൽ നികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ ഇല്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ വ്യാപാരികളുടെ തൊഴിൽനികുതി ഇനത്തിൽ 18500 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. എന്നാൽ അരിയർ ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിശദാംശങ്ങളും, തുകയുടെ കൃത്യതയും ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകകൾ അരിയർ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാതിരിക്കുന്നത് കുടിശ്ശിക പിരിവിന്റെ

പുരോഗതി നിരീക്ഷിക്കുന്നതിന് തടസ്സമാവുകയും, അതുവഴി നികുതി കാലഹരണത്തിന് ഇടയാക്കുകകയും ചെയ്യും. അരിയർ ഡിമാന്റ് രജിസ്റ്റർ കൃത്യമാക്കി അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-9 ലേലം - ലേല തുക പൂർണ്ണമായി ഈടാക്കിയില്ല; രേഖകൾ സൂക്ഷിക്കുന്നതിൽ അപാകത

2016-17-ലെ ലേലം സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല. ലേല നോട്ടീസ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ലേല നോട്ടീസിന്റെ അഭാവത്തിൽ മതിയായ പരസ്യം നൽകിയാണോ ലേലം നടത്തിയിട്ടുള്ളതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ ലേല നിബന്ധനകൾ എന്തെല്ലാമാണെന്നും, അവ പാലിച്ചാണോ ലേലം നടത്തിയിട്ടുള്ളതെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ലേലം കൊണ്ട വ്യക്തികൾ ഒന്നുംതന്നെ ഗ്രാമപഞ്ചായത്തുമായി മുദ്രപത്രത്തിൽ കരാർ ചമച്ചിട്ടില്ല. വ്യവസ്ഥകൾ എഴുതി ചേർക്കാത്ത ശൂന്യമായ മുദ്രപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുകമാത്രമാണ് ചെയ്തിട്ടുള്ളത്. ലേല രജിസ്റ്ററും ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ലേലത്തിൽ പങ്കെടുത്തവരുടെ പേര് വിവരം, വിളിച്ച തുക, ലേലം അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനം, ഫയൽ നമ്പർ എന്നിവ ലേല രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലേല രജിസ്റ്റർ പ്രകാരം തൻവർഷം ലേലത്തിൽ നൽകിയിട്ടുള്ള താഴെ പറയുന്ന മാർക്കറ്റ് സ്റ്റാളുകളുടെ ലേലത്തുക പൂർണ്ണമായി ഈടാക്കിയിട്ടില്ല.

| സ്റ്റാൾ നം. | ലേലം കൊണ്ട വ്യക്തിയുടെ പേര് | ലേല തുക | ഈടാക്കിയ തുക (EMD) | കുടിശ്ശിക |
|---|---|---|---|---|
| 7 | ശ്രീ പി.ആർ. വേണു, പൂവത്തുങ്കൽ | 7850 | 0 | 7850 |
| 10 | ശ്രീ പൊടിയൻ, തടത്തിൽ | 3200 | 1000 | 2200 |
| | ആകെ | 11050 | 1000 | 10050 |

മേൽ കാണിച്ചിരിക്കുന്ന പ്രകാരം 10050 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ടെങ്കിലും ലേല രജിസ്റ്ററിൽ തൻവർഷ ഡിമാന്റ് തുകകൾ പൂർണ്ണമായും പിരിച്ചെടുത്തതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക കുടിശ്ശിക ഡിമാന്റായി കാണിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 10050 രൂപ പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള വ്യക്തമായ നഷ്ടമായി കണക്കാക്കുന്നു. ആയത് ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നും ഈടാക്കേണ്ടതാണ്. ലേലം സംബന്ധിച്ച രേഖകൾ കൃത്യമാക്കി അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-10 എല്ലാ മാർക്കറ്റ് സ്റ്റാളുകളും ലേലത്തിൽ നൽകിയില്ല; പഞ്ചായത്ത് ഫണ്ടിന് വരുമാന നഷ്ടം

പഞ്ചായത്തിന്റെ അധീനതയിലുള്ള വടശ്ശേരിക്കര മാർക്കറ്റിലെ സ്റ്റാളുകൾ പൂർണ്ണമായും ഓഡിറ്റ് വർഷം ലേലം ചെയ്ത് നല്കിയിട്ടുള്ളതായി കാണുന്നില്ല. ഓപ്പൺ സ്റ്റാളുകളിൽ മൂന്ന് എണ്ണവും (2, 3, 4), ഷട്ടർ ഇട്ട സ്റ്റാളുകളിൽ നാല് എണ്ണവും (9, 11, 12, 13) ലേലം ചെയ്തിട്ടില്ല. ഇവ ലേലത്തിൽ നൽകാത്തതുമൂലം പഞ്ചായത്ത് ഫണ്ടിന് ലഭിക്കുമായിരുന്ന വരുമാനം നഷ്ടമായിട്ടുണ്ട്. ഇവ ലേലം ചെയ്യാതിരുന്നതിനുള്ള കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം..13/27-05-2017) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. എല്ലാ സ്റ്റാളുകളും ലേലത്തിൽ നൽകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തെ സംബന്ധിച്ച് അന്വേഷണം നടത്തുവാനും വരുമാന നഷ്ടത്തിന് കാരണക്കാരാണെന്നുള്ളത് കണ്ടെത്തുന്നതിനും ഭരണതലത്തിൽ (ഡി.ഡി.പി തലം) നടപടിയുണ്ടാകുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-11 ക്വാറികൾക്ക് ക്രമവിരുദ്ധമായി ലൈസൻസ് നൽകി

കസ്തൂരി രംഗൻ റിപ്പോർട്ട് പ്രകാരം പരിസ്ഥിതി ലോല പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള വടശ്ശേരിക്കര വില്ലേജിൽപ്പെട്ട പ്രദേശത്ത് പാരിസ്ഥിതികാനുമതി കൂടാതെ പാറ ഖനനം നടത്തുന്നതിന് നിലവിലുള്ള നിയമങ്ങളും, ചട്ടങ്ങളും ലംഘിച്ചുകൊണ്ട് സെക്രട്ടറി അഞ്ച് വർഷത്തേക്ക് ലൈസൻസ് പുതുക്കി നൽകി. ശ്രീ സാബു കുര്യാക്കോസ്, കാവുങ്കൽ, അങ്ങാടി പി.ഒ., റാന്നി എന്നയാൾക്കാണ് സെക്രട്ടറി അനധികൃതമായി ലൈസൻസ് നൽകിയത്. ലൈസൻസ് നൽകിയ സെക്രട്ടറി സർവ്വീസിൽനിന്നും വിരമിക്കാൻ 5 ദിവസങ്ങൾ മാത്രം ബാക്കി നിൽക്കേയാണ് ഇപ്രകാരം ലൈസൻസ് നൽകിയെന്നുള്ളത് ക്രമക്കേടിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.

ശ്രീ സാബു കുര്യാക്കോസിന് 2016-17 വർഷം ചുവടെ ചേർക്കും പ്രകാരം ഏഴ് ലൈസൻസുകൾ ഇഷ്യു ചെയ്തിരുന്നു.

| | | |
|---|---|---|
| 1 | ക്രഷർ യൂണിറ്റ് | 31.12.2016 |

| | | |
|---|---|---|
| | | വരെ |
| 2 | എം.സാന്റ് നിർമ്മാണം | 31.12.2016 വരെ |
| 3 | എം. സാന്റ് ശേഖരിച്ച് വില്പന നടത്തുന്നതിന് | 31.12.2017 വരെ |
| 4 | ടാർ മിക്സിംഗ് പ്ലാന്റ് | 31.03.2017 വരെ |
| 5 | ക്വാറി - 1 | 24.06.2016 വരെ |
| 6 | ക്വാറി - 2 | 31.12.2016 വരെ |
| 7 | ക്വാറി - 3 | 31.12.2016 വരെ |

01.04.2016-നാണ് ടി ലൈസൻസുകൾ ഇഷ്യു ചെയ്തിട്ടുള്ളത്. തുടർന്ന് 21.05.2016-ൽ ശ്രീ സാബു കുര്യാക്കോസ് 5 വർഷത്തേക്കുള്ള ലൈസൻസ് അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ട് സെക്രട്ടറിക്ക് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ 26.05.2016-ൽ മുൻകാല പ്രാബല്യത്തിൽ 01.04.2016 മുതൽ 31.03.2021 വരെ 5 വർഷത്തേക്ക് ലൈസൻസുകൾ ദീർഘിപ്പിച്ച് നൽകി. 5 വർഷത്തേക്ക് ലൈസൻസ് കാലാവധി ദീർഘിപ്പിച്ച് നൽകിയത് ചുവടെ ചേർക്കുന്ന കാരണങ്ങളാൽ നിയമാനുസൃതമല്ലെന്നു കാണുന്നു.

1. ഡി.&ഒ. ലൈസൻസ് ചട്ടത്തിലെ ചട്ടങ്ങളിലെ ചട്ടം 6 പ്രകാരമുള്ള 5 വർഷ കാലയളവിലേക്കുള്ള ലൈസൻസിന് അപേക്ഷകന് അർഹതയില്ല. ചട്ടം 6-ൽ പുതിയ ലൈസൻസ് നൽകുന്നതിനുള്ള കാലയളവിനേ സംബന്ധിച്ചാണ് പറയുന്നത്. ചട്ടം 10-ലാണ് ലൈസൻസ് പുതുക്കുന്നതിനേപറ്റി പറയുന്നത്. അപേക്ഷ നിലവിൽ ലൈസൻസുള്ള സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കുന്നതിനുവേണ്ടിയുള്ളതായിരുന്നു.
2. 2016-17 സാമ്പത്തിക വർഷം പുതുക്കി നൽകിയ ലൈസൻസുകളുടെ കാലാവധി അവസാനിക്കുംമുമ്പ് പ്രത്യേകിച്ച് ഒരു കാരണവുമില്ലാതെ അഞ്ച് വർഷത്തേക്ക് ലൈസൻസ് ദീർഘിപ്പിച്ച് ലഭിക്കുന്നതിനുള്ള അപേക്ഷ സെക്രട്ടറി പരിഗണിച്ചത് നിയമാനുസൃതമല്ല. 21.05.2016-ൽ ലഭിച്ച അപേക്ഷ പരിഗണിച്ച് 01.04.2016മുതൽ മുൻകാല പ്രാബല്യം നൽകി ലൈസൻസ് ഇഷ്യു ചെയ്തിരിക്കുന്നു. അപേക്ഷാ തീയതിയ്ക്ക് മുൻപുള്ള തീയതിമുതൽ പ്രാബല്യം നൽകി ലൈസൻസ് നൽകാൻ സെക്രട്ടറിക്ക് അധികാരമില്ല.
3. അഞ്ചു വർഷത്തേക്ക് ലൈസൻസ് പുതുക്കിനൽകുന്നതുമായി ബന്ധപ്പെട്ട് സെക്രട്ടറി നിയമോപദേശം തേടിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം നിയമോപദേശം തേടുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ അനുമതി വാങ്ങിയിട്ടില്ല. നിയമോപദേശത്തിന് പഞ്ചായത്ത് ഫണ്ടിൽനിന്നും ഫീസ് നൽകിയിട്ടുമില്ല. നിയമോപദേശത്തിൽ 5 വർഷത്തേക്ക് ലൈസൻസ് നൽകാമെന്നും എന്നാൽ ലൈസൻസ് നൽകുന്ന കാലയളവിലേക്ക് ആവശ്യമായ വിവിധ നിരാക്ഷേപ സർട്ടിഫിക്കറ്റുകളും, ക്ലീയറൻസുകളും ഉണ്ടായിരിക്കണമെന്ന് പറഞ്ഞിരുന്നു. എന്നാൽ അഞ്ച് വർഷ പ്രാബല്യമുള്ള നിരാക്ഷേപ സർട്ടിഫിക്കറ്റുകളുടെ അഭാവത്തിലാണ് ലൈസൻസുകൾ ഇഷ്യു ചെയ്തിട്ടുള്ളത്.
4. വിവിധ നിരാക്ഷേപ സാക്ഷ്യപത്രങ്ങളുടെ പ്രാബല്യം ചുവടെ ചേർക്കും പ്രകാരമാണ്.

| | |
|---|---|
| സർവ്വേ നം.528/2, 528/3 – 1.4790 ഹെക്ടർ സ്ഥലത്ത് പാറ ഖനനം ചെയ്യുന്നതിനുള്ള അനുമതി | 15.03.2017 വരെ |
| 534/2, 534/9, 534/3 എന്നീ സർവ്വേ നമ്പരുകളിൽ പാറ ഖനനം ചെയ്യുന്നതിനുള്ള അനുമതി | 17.01.2017 വരെ |
| 534/5, 534/6, 534/8 എന്നീ സർവ്വേ നമ്പരുകളിൽ പാറ ഖനനം ചെയ്യുന്നതിനുള്ള അനുമതി | 30.06.2018 വരെ |
| 534/2, 534/9, 534/3 എന്നീ സർവ്വേ നമ്പരുകളിൽ പാറ ഖനനം ചെയ്യുന്നതിനുള്ള അനുമതി | 17.01.2017 വരെ |
| 528/2, 528/5 എന്നീ സർവ്വേ നമ്പരുകളിൽ പാറ ഖനനം നടത്തുന്നതിന് മലനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി | 31.12.2018 വരെ |
| ടാർ മിക്സിംഗ് പ്ലാന്റിന് മലനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി | 31.12.2018 വരെ |

| | |
|---|---|
| ക്രഷർ യൂണിറ്റിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി | 31.12.2016 വരെ |
| ഫാക്ടറീസ് & ബോയിലേഴ്സ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലയളവ് | 31.12.2016 വരെ |

5. സർവ്വേ നം. 525/2-ൽ പാറപൊട്ടിക്കുന്നതിനുള്ള എക്സ്പ്ലോസീവ് ലൈസൻസാണ് മറ്റു രണ്ട് ക്വാറികളുടെ ലൈസൻസിനുള്ള അപേക്ഷയിലും ഉള്ളടക്കം ചെയ്തിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല.
6. കസ്തൂരി രംഗൻ റിപ്പോർട്ട് പ്രകാരം പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള വടശ്ശേരിക്കര വില്ലേജിൽപ്പെട്ട പ്രദേശത്ത് പാരിസ്ഥിതികാനുമതി കൂടാതെ ഖനനം നടത്താൻ കഴിയില്ല. 05.10.2015-ലെ സ.ഉ.(പി.) നം.144/2015/ഐ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മുമ്പുണ്ടായിരുന്ന പാറമടകൾക്ക് പാരിസ്ഥിതികാനുമതി നേടുന്നതിലേക്കായി സമയം അനുവദിച്ച് ഖനനാനുമതി ഓരോ വർഷം വീതം 3 വർഷത്തേക്ക് പെർമിറ്റ് നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ഇപ്രകാരമുള്ള ഇളവ് 3 വർഷത്തേക്ക് മാത്രമാണെന്നിരിക്കെ 5 വർഷത്തേക്ക് ലൈസൻസ് നൽകിയ സെക്രട്ടറിയുടെ നടപടി ക്രമവിരുദ്ധമാണ്.
7. ശ്രീ സാബു കര്യാക്കോസിന്റെ ഉടമസ്ഥതയിലുള്ള കാവുങ്കൽ ഗ്രാനൈറ്റ്സ് എന്ന സ്ഥാപനത്തിന് 2012-13 വർഷം ഒരു ലൈസൻസ് മാത്രമാണ് ഇഷ്യൂ ചെയ്തിരുന്നത്. 2013-14-ൽ മൂന്നായും, 2014-15-ൽ നാലായും, 2015-16-ൽ ആറായും വർദ്ധിച്ചു. 5 കുതിരശക്തിയിൽ കൂടുതൽ ശേഷിയുള്ള സ്ഥാപനങ്ങൾക്കും വ്യവസായങ്ങൾക്കും പുതിയതായി ലൈസൻസ് നൽകുമ്പോൾ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 233 അനുസരിച്ചുള്ള പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. എന്നാൽ പുതിതായി ലൈസൻസ് നൽകിയപ്പോൾ പഞ്ചായത്തിന്റെ അനുമതി കൂടാതെയാണ് സെക്രട്ടറി ലൈസൻസ് നൽകിയിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ ശ്രീ സാബു കര്യാക്കോസിന് 5 വർഷത്തേക്ക് ലൈസൻസ് പുതുക്കി നൽകിയ സെക്രട്ടറിയുടെ നടപടി ക്രമവിരുദ്ധമാണ്. ഇപ്രകാരം ക്രമവിരുദ്ധമായി നൽകിയ ലൈസൻസുകൾ 07.11.2016-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി റദ്ദ് ചെയ്ത് തീരുമാനിച്ചിട്ടുണ്ട്. എന്നിരുന്നാലും നിലവിലുള്ള നിയമങ്ങളും, ചട്ടങ്ങളും, സർക്കാർ നിയന്ത്രണങ്ങളും കാറ്റിൽപറത്തികൊണ്ട് വിരമിക്കാൻ 5 ദിവസം മാത്രം ബാക്കി നിൽക്കേ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായങ്ങൾക്ക് ലൈസൻസ് നൽകിയ സെക്രട്ടറിയുടെ നടപടി ദുരുദ്ദേശപരവും നിലവിലുള്ള നിയമസംഹിതയെയും ഭരണകൂടത്തിനെയും വെല്ലുവിളിക്കുന്ന തരത്തിലുള്ള ഏകാധിപത്യ നടപടിയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം സർക്കാർതലത്തിൽ നടത്തുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക ചെലവഴിക്കുന്നതിൽ ഗുരുതര വീഴ്ച

2016-17 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണത്തിനായി ഗ്രാമപ്പഞ്ചായത്തിന് ലഭ്യമായത് **54423227** രൂപയാണ്. എന്നാൽ ചെലവഴിച്ചത് **33873734** രൂപ മാത്രമാണ്. ലഭ്യമായ തുകയുടെ **62.24%**. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആകെ അനുവദിക്കുന്ന അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരുപ്പുണ്ടായിരുന്ന തുകയാണ് 19-09-2015 ലെ ജി.ഒ (പി) നം-419/2015/ ഫിൻ നമ്പർ ഉത്തരവ് പ്രകാരം നഷ്ടമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്.

| ഫണ്ടിനം | മുൻ ബാലൻസ് | 2016-17 വർഷത്തെ ബജറ്റ് അലോക്കേഷൻ | 2016-17 വർഷത്തെ ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12907114 | 10585031 | 82 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4500189 | 1845863 | 41.01 |
| വികസന ഫണ്ട്-റ്റി.എസ്.പി | 0 | 219000 | 56975 | 26.02 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6547796 | 4218937 | 64.43 |

| | | | | |
|---|---|---|---|---|
| ലോകബാങ്ക് സഹായം | 0 | 3823943 | 1850353 | 48.32 |
| സംരക്ഷണ ഗ്രാന്റ് -റോഡ് | 0 | 22986177 | 13629103 | 59.29 |
| സംരക്ഷണ ഗ്രാന്റ് -റോഡിതരം | 0 | 3439008 | 1687472 | 49.07 |
| ആകെ | | **54423227** | **33873734** | **62.24** |

പ്രസ്തുത സാഹചര്യത്തിൽ സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് തുക തൻവർഷത്തെ ബജറ്റ് അലോക്കേഷനിൽ നിന്നുമാണ് കണ്ടെത്തേണ്ടത്. ആയതിനാൽ പദ്ധതി നിർവ്വഹണം അതാത് വർഷം തന്നെ പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമാകുന്ന തുക ഗ്രാമപ്പഞ്ചായത്തിന് നഷ്ടമാവും. പ്രസ്തുത പ്രവണത മുന്നിൽകണ്ട് ഓരോ പ്രോജക്ടിലും വകയിരുത്തുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നതിന് പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിനുമായി ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 സോളാർ ലൈറ്റ് സ്ഥാപിക്കൽ; കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസ്സിച്ച ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് 52328 രൂപയുടെ നഷ്ടം

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 26/17 പ്രകാരം തനത് ഫണ്ടിൽനിന്നും 930000 രൂപ അടങ്കൽ വകയിരുത്തി ശബരിമല പാതയിൽ സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഗ്രീൻറൂഫ് സോളാർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം മുഖാന്തിരം 31 സോളാർ ലൈറ്റുകൾ സ്ഥാപിച്ച ഇനത്തിൽ 888739 രൂപ ചെലവഴിച്ചു (ചെക്ക് നം. 6317979/21.02.2017) ). ഈ പ്രോജക്ടിന്റെ ചെലവിന്റെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ 6 സ്ഥാപനങ്ങളുടെ ടെണ്ടറുകളാണ് ലഭിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ക്വോട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | M/s ഇൻഫോ ഗ്രാഫിക്സ് ടെക്നിക്കൽ ട്രെയിനിംഗ് & സർവ്വീസ് | 32375 |
| 2 | M/s സായൂജ്യ, വടശ്ശേരിക്കര | 24800 |
| 3 | M/s കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്സ് ലി. | 28894 |
| 4 | M/s ഇഗാടെക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ് (പ്രൈ.) ലി. | 32500 |
| 5 | M/s സോൾജൻ എനർജി പ്രൈ.ലി. | 26981 |
| 6 | M/s ഗ്രീൻറൂഫ് സോളാർ പ്രൈ.ലി. | 28669 |

9.11.2016-ൽ കൂടിയ പ്രൊക്യൂർമെന്റ് കമ്മിറ്റി ടെണ്ടർ തുറന്നു പരിശോധിച്ചു. തുടർന്ന് 11.11.2016-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ അംഗീകാരം സംബന്ധിച്ച രേഖകൾ ഇല്ലാത്തതിനാൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത സായൂജ്യ, വടശ്ശേരിക്കര എന്ന സ്ഥാപനത്തിന്റെ ടെണ്ടർ നിരസ്സിക്കുകയും, അടുത്ത കുറഞ്ഞ നിരക്കുകൾ ക്വോട്ട് ചെയ്ത സോൾജൻ എനർജി പ്രൈ.ലി., ഗ്രീൻറൂഫ് സോളാർ പ്രൈ.ലി. എന്നീ സ്ഥാപനങ്ങളെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ഉണ്ടായി. പ്രസ്തുത തീരുമാന പ്രകാരം 21.11.2016-ന് അനെർട്ടിന്റെ ജില്ലാ പ്രോഗ്രാം ഓഫീസർ സോളാർ ലൈറ്റുകളുടെ ഗുണനിലവാര പരിശോധന നടത്തി റിപ്പോർട്ട് നൽകി. റിപ്പോർട്ടിൽ M/Sസോൾജൻ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കാവുന്നതാണെന്ന അഭിപ്രായമാണ് അനെർട്ട് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുള്ളത്. അനെർട്ട് എഞ്ചിനീയറുടെ വിദഗ്ധ അഭിപ്രായം കണക്കിലെടുത്ത് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സോൾജൻ എനർജി പ്രൈ.ലി. എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കേണ്ടതാണെന്ന സെക്രട്ടറിയുടെ അഭിപ്രായം അംഗീകരിച്ചത് (തീരുമാനം നം-13(1) തീയതി 22-11-2016)ഗ്രീൻറൂഫ് സോളാർ പ്രൈ.ലി. എന്ന

സ്ഥാനത്തിന്റെ ടെണ്ടറാണ് കമ്മിറ്റി അംഗീകരിക്കുകയാണുണ്ടായത്. ഗ്രീൻ റൂഫ് സോളാറിന്റെ ലൈറ്റിന് കൂടുതൽ വലുപ്പം ഉള്ളതിനാൽ കൂടുതൽ പ്രകാശം ലഭിക്കുമെന്നും അതാണ് കൂടുതൽ മെച്ചപ്പെട്ടതെന്നും പ്രസിഡന്റ് അഭിപ്രായപ്പെടുകയും മറ്റ് ജനപ്രതിനിധികൾ ഒന്നുംതന്നെ എതിരഭിപ്രായം പറയാതിരിക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഗ്രീൻറൂഫ് സോളാറിന്റെ ടെണ്ടർ കമ്മിറ്റി അംഗീകരിച്ചത്.

അനെർട്ടിലെ എഞ്ചിനീയർ പരിശോധിച്ച് ശുപാർശ ചെയ്ത ലൈറ്റ് വാങ്ങാതെ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത കമ്പനിയിൽനിന്നും ലൈറ്റുകൾ വാങ്ങുന്നതിന് കമ്മിറ്റി കൈക്കൊണ്ട തീരുമാനം അംഗീകരിക്കാവുന്നതല്ല. വലിപ്പം കൂടിയ ലൈറ്റുകൾ കൂടുതൽ പ്രകാശം തരുമെന്ന പ്രസിഡന്റിന്റെ ഏകപക്ഷീയമായ അഭിപ്രായം സാങ്കേതികമായി ശരിയല്ലാത്തതും യുക്തിയ്ക്ക് നിരക്കാത്തതുമാണ്. ഗ്രാമപഞ്ചായത്ത് ഷോർട്ട് ലിസ്റ്റ് ചെയ്ത രണ്ട് സ്ഥാപനങ്ങളുടെയും ലൈറ്റുകൾ 24 വാട്സിന്റേതാണ്. യാതൊരുവിധ സാങ്കേതിക ഉപദേശത്തിന്റെയും പിൻബലമില്ലാതെ ഒരു പ്രത്യേക കമ്പനിയുടെ ലൈറ്റുകൾ മെച്ചപ്പെട്ടതാണെന്ന പ്രസിഡന്റിന്റെ അഭിപ്രായം ആ സ്ഥാപനത്തെ സഹായിക്കാൻവേണ്ടിയുള്ളതാണെന്നെ കരുതാനാവൂ. ഈ സാഹചര്യത്തിൽ ഉയർന്ന നിരക്കിൽ ഗ്രീൻറൂഫ് സോളാർ പ്രൈ.ലിമിറ്റഡിൽനിന്നും ലൈറ്റുകൾ വാങ്ങിയ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 52328 രൂപ തെറ്റായ തീരുമാനം കൈക്കൊണ്ട പഞ്ചായത്ത് പ്രസിഡന്റ്, കമ്മിറ്റി യോഗത്തിൽ പങ്കെടുത്ത മറ്റ് ജനപ്രതിനിധികൾ എന്നിവരിൽനിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

| ഗ്രീൻ റൂഫ് സോളാറിൽനിന്നും വാങ്ങുന്നതിന് ചെലവഴിച്ച തുക | സോൾജൻ എനർജി പ്രൈ.ലി.-ൽനിന്നും വാങ്ങിയിരുന്നുവെങ്കിൽ ചെലവാകുമായിരുന്ന തുക | അധികം ചെലവഴിച്ച തുക |
|---|---|---|
| 31 @ 28669 = 888739 | 31 @ 26981 = 836411 | 52328 |

പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയ സോളാർ ലൈറ്റുകൾ പത്തനംതിട്ട പമ്പ സംസ്ഥാന പാതയിൽ വിവിധ സ്ഥലങ്ങളിലായാണ് സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ ഇവിടെ എല്ലാ ഇലക്ട്രിക് പോസ്റ്റുകളിലും 40W ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. ഇവ ചുരുങ്ങിയ ചെലവിൽ അറ്റകുറ്റപ്പണികൾ നടത്തി പരിപാലിച്ച് തെരുവ് വിളക്ക് പ്രകാശിപ്പിക്കാമെന്നിരിക്കെ വൻ തുക മുടക്കി താരതമ്യേന പ്രകാശം കുറഞ്ഞ സോളാർ ലൈറ്റുകൾ സ്ഥാപിച്ചത് പൊതു പണത്തിന്റെ ദുർവ്യയമാണ്. വടശ്ശേരിക്കര ടൗണിൽ ഹൈമാസ്റ്റ് വിളക്ക് സ്ഥാപിച്ചിട്ടുള്ളതിന് സമീപം പോലും ഒന്നിലധികം സോളാർ ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് നടത്തുന്ന ഓരോ ചെലവും യാഥാർത്ഥ്യബോധത്തോടെയുള്ളതാകണം. ചെലവുകളിൽ കഴിയുന്നത്ര മിതവ്യയം പാലിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-3 ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണത്തിൽ വീഴ്ച; 30.67 ലക്ഷം രൂപ അടങ്കലുള്ള 9 പദ്ധതികൾ നടപ്പിലാക്കിയില്ല

2016-17-ലെ വാർഷിക പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ നിർവ്വഹണം നടത്തുന്നതിന് ഉദ്ദേശിച്ച് ആവിഷ്കരിച്ച 30.67 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന 9 പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ. നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ഫണ്ടിനം |
|---|---|---|---|---|
| 1 | 2/17 | ശബരിമല തീർത്ഥാടനം 2014-15 - തെരുവ് വിളക്ക് മെയിന്റനൻസ് - സ്പിൽ ഓവർ | 150000 | തനത് ഫണ്ട് |
| 2 | 6/17 | ഗ്രാമകേന്ദ്രം സൗകര്യം ഒരുക്കൽ - സ്പിൽ ഓവർ | 35000 | തനത് ഫണ്ട് |
| 3 | 28/17 | ഗ്രാമകേന്ദ്രം സൗകര്യം ഒരുക്കൽ | 40000<br>10000 | വികസന ഫണ്ട്<br>തനത് ഫണ്ട് |
| 4 | 30/17 | തെരുവ് വിളക്ക് വാങ്ങൽ | 1445000 | വികസന ഫണ്ട് |
| 5 | 51/17 | പഞ്ചായത്ത് ഓഫീസ് അടിസ്ഥാന സൗകര്യം ഒരുക്കൽ | 150000 | തനത് ഫണ്ട് |

| | | | | |
|---|---|---|---|---|
| 6 | 58/17 | പകൽവീട് അടിസ്ഥാന സൗകര്യം ഒരുക്കൽ | 137000 | വികസന ഫണ്ട് |
| 7 | 63/17 | ഐ.എസ്.ഒ | 50000 | തനത് ഫണ്ട് |
| 8 | 136/17 | ശബരിമല പാതകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | 400000 | തനത് ഫണ്ട് |
| 9 | 137/17 | ശബരിമല തീർത്ഥാടനം - മാലിന്യ നിർമ്മാർജ്ജനം | 650000 | തനത് ഫണ്ട് |
| | | ആകെ | 3057000 | |

വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ ഉൾപ്പെടുത്തുകയും മതിയായ ഫണ്ട് വകയിരുത്തുകയും ചെയത് ശേഷം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാതിരിക്കുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുള്ള വീഴ്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 എസ്.എസ്.എ- വിശദമായ വിനിയോഗവിവരങ്ങൾ ലഭ്യമായില്ല

2016-17 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്തിലെ പ്രൈമറി സ്കൂളുകളുടെ സമഗ്രവികസനത്തിനായി എസ്.എസ്.എയ്ക്ക് 500000 രൂപ (പ്രോ.നം.35/17,ബിൽ നമ്പർ-01/2016-17 തീയതി-27.12.2016) നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് , വടശ്ശേരിക്കരയ്ക്ക് നൽകിയിട്ടുണ്ട്. എസ്.എസ്.എ യിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സർട്ടിഫിക്കറ്റിൽ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട് എന്ന് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. ഏതെല്ലാം ഇനത്തിലാണ് തുക ചെലവഴിച്ചതെന്ന ഇനം തിരിച്ചുള്ള വിനിയോഗ വിവരം ലഭ്യമാക്കാൻ എസ്.എസ്.എ യോട് ആവശ്യപ്പെടേണ്ടതാണ്.ഈ വിഷയത്തിൽ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 ആയുർവേദ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ആശുപത്രിക്ക് മരുന്നു വാങ്ങൽ (പ്രോജക്ട് നം-40/16-17) എന്ന പദ്ധതിയ്ക്കായി 2016- 17 വർഷം ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിന് ഡി.ഡി. നമ്പർ 000883 തീയതി 30.12.2016 പ്രകാരം 300000/- രൂപ നൽകിയെങ്കിലും 63862/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.ബാക്കി തുകയ്ക്കുള്ള മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് രേഖാമൂലം ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനോട് ആവശ്യപ്പെടേണ്ടതാണ്.ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 ടെണ്ടർ ക്ഷണിക്കാതെ കമ്പ്യൂട്ടർ വാങ്ങി

ഹെഡ് മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി ഗവ.എൽ.പി സ്കൂൾ ,വടശ്ശേരിക്കരയ്ക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് പ്രോജക്ട് തയ്യാറാക്കിയിരുന്നു. കെൽട്രോണിൽ നിന്നും നികുതികൾ ഉൾപ്പെടെ 27330/-രൂപ വിലയുള്ള കമ്പ്യൂട്ടറാണ് വാങ്ങിയത്.(ബിൽ നമ്പർ.2/2016 തീയതി 21.02.2017) .ടെണ്ടർ ക്ഷണിക്കാതെ നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.12.2016 ലെ 3299/2016-ാം നമ്പർ ഉത്തരവ് പ്രകാരം ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധന സാമഗ്രികൾ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്നും അങ്ങനെയല്ലാത്തവ നിർബന്ധമായും പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

കെൽട്രോണിൽ നിന്നും വാങ്ങിയ കമ്പ്യൂട്ടർ 'DELL' എന്ന കമ്പനിയുടേതാണ്. ഇത് കെൽട്രോൺ നിർമ്മിക്കുന്നവയല്ല. കമ്പ്യൂട്ടറുകൾ പരസ്യ ടെണ്ടർ മുഖേന ഭാരത സർക്കാരിന്റെ റേറ്റ് കോൺട്രാക്റ്റുള്ള സ്ഥാപനങ്ങളിൽ നിന്നും മാത്രം വാങ്ങേണ്ടതാണ്.ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-7 ഗുണഭോക്താക്കൾക്കുള്ള സബ്സിഡി തുക ക്ഷീര സഹകരണസംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്ടിനായി (പ്രോജക്ട് നം-161/16-17) വികസന ഫണ്ടിൽ നിന്നും 56803/- രൂപയും തനതു ഫണ്ടിൽ നിന്നും 43197/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ക്ഷീര സഹകരണ സംഘങ്ങൾ വഴി പാലളക്കുന്ന കർഷകർക്ക് ഏപ്രിൽ മുതൽ ഡിസംബർ വരെ പാലളന്നതിന് ലിറ്ററിന് 3/-രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനായിരുന്നു പദ്ധതി തയ്യാറാക്കിയിരുന്നത്. 300000/- രൂപ അടങ്കൽ വകയിരുത്തിയ പദ്ധതിയിൽ തനതു ഫണ്ടിൽ നിന്നും 43197/- രൂപയും വികസന ഫണ്ടിൽ നിന്നും 56803/-

രൂപയും ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി 200000/- രൂപയുമാണ് വകയിരുത്തിയിരുന്നത്.ഇതിൽ ബ്ളോക്ക് ഫണ്ട് ലഭ്യമാകാത്തതിനാൽ ഗ്രാമപ്പഞ്ചായത്ത് വിഹിതമായി ലിറ്ററിന് ഒരു രൂപ നിരക്കിൽ മാത്രമേ കർഷകർക്ക് അർഹതയുള്ളു.ഗ്രാമപ്പഞ്ചായത്തിലെ അഞ്ച് ക്ഷീര സഹകരണ സംഘങ്ങൾ വഴി പാലളന്ന കർഷകർക്ക് അളന്ന പാലിന്റെ അടിസ്ഥാനത്തിൽ നൽകാവുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മാടമൺ | 20339 |
| തലച്ചിറ | 46074 |
| മോതിരവയൽ | 14366 |
| പുതുശ്ശേരിമല | 7090 |
| ബൗണ്ടറി | 12131 |

എന്നാൽ നാളിതുവരെ ധനസഹായം കർഷക്രക്ക് നൽകിയിട്ടില്ല. പദ്ധതിയ്ക്ക് വേണ്ടി ട്രഷറിയിൽ നിന്നും മാറിയ തുകയിൽ 56803/- രൂപ (ട്രഷറി ബിൽ നം-1/16-17 തീയതി 20-03-2017) തലച്ചിറ ക്ഷീര സഹകരണ സംഘത്തിനും 43197/- രൂപ മാടമൺ ക്ഷീര സഹകരണ സംഘത്തിനും നൽകുകയാണ് ചെയ്തിട്ടുള്ളത്.പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖാ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾക്കുള്ള ധനസഹായം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലൂടെ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ. ഗുണഭോക്താക്കൾക്ക് തുക നൽകാത്ത സാഹചര്യത്തിൽ ചെലവഴിച്ച 100000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 60 ദിവസത്തിനകം സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാത്ത പക്ഷം ചെലവുതുക നിരാകരിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും .

## 3-8 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരുന്നുവാങ്ങൽ പദ്ധതിയിൽ ആശുപത്രിയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും 200000/- രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാന ഹോമിയോപ്പതി കോർപ്പറേഷന് ഡി.ഡി. നമ്പർ 000898 തീയതി 27.12.2016 പ്രകാരം 200000/- രൂപ നൽകിയെങ്കിലും 109025/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്.ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭിക്കുന്നതിന് രേഖാമൂലം കോർപ്പറേഷനുമായി ബന്ധപ്പെടേണ്ടതും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 പ്രതിമാസ വെള്ളക്കരം ഒരുലക്ഷം രൂപയിലധികം- ഗാർഹിക കണക്ഷന് പദ്ധതികൾ ഏറ്റെടുക്കുന്നില്ല.

ഗ്രാമപ്പഞ്ചായത്ത് വെള്ളക്കരം ഇനത്തിൽ പ്രതിമാസം ഒടുക്കുന്നത് 120750/- രൂപയാണ്. 2014 സാമ്പത്തിക വർഷമാണ് അവസാനമായി സംയുക്ത പരിശോധന നടത്തിയത്. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധ നടത്തുന്നതിന് 21.02.2017,08.05.2017 തീയതികളിൽ വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിരുന്നെങ്കിലുംയാതൊരു മറുപടിയും ലഭിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നുള്ള ഉദാസീനത സംബന്ധിച്ച് ഉന്നതാധികാരികളുമായി ബന്ധപ്പെടേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2016-17 വർഷം 276ടാപ്പുകൾക്കായി 1449000/- (120750/-X12)രൂപയാണ് വാട്ടർ ചാർജിനത്തിൽ ഗ്രാമപ്പഞ്ചായത്ത് ചെലവഴിച്ചത്. പൊതുടാപ്പുകൾക്ക് പകരം സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് 16-11-2013 ലെ ജി.ഒ. (എം.എസ്). 362 / 2013 പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള പദ്ധതികൾ ഏറ്റെടുത്ത് പൊതുടാപ്പുകൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.

എത്ര ടാപ്പുകൾ എതൊക്കെ വാർഡുകളിൽ പ്രവർത്തന ക്ഷമമാണെന്ന് വിലയിരുത്തുന്നതിന് കൃത്യമായ സംവിധാനം ഇല്ല .നിലവിലുള്ള 276 ടാപ്പുകളിൽ പ്രവർത്തനക്ഷമമായത് മാത്രം നിലനിർത്തി പ്രവർത്തിക്കാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും കുടിവെള്ള ഗാർഹിക കണക്ഷന് പദ്ധതികൾ ഏറ്റെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 3-10 കാർഷിക മേഖലയിലെ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കിയില്ല

കാർഷിക മേഖലയിലെ പ്രോജക്ടുകൾ യഥാസമയം നടപ്പിലാക്കുന്നില്ല. ഓഡിറ്റ് വർഷം വികസന ഫണ്ടിൽനിന്നും 10.62 ലക്ഷം രൂപ അടങ്കൽ വകയിരുത്തി മൂന്ന് പ്രോജക്ടുകളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ വികസന ഫണ്ട് | ചെലവ് |
|---|---|---|---|
| 22/17 | തെങ്ങ് കൃഷി | 252000 | 152775 |
| 23/17 | വാഴകൃഷി | 310500 | 194925 |
| 24/17 | പച്ചക്കറി കൃഷി | 500000 | 140995 |

വാർഷിക പദ്ധതിയിൽ കാർഷിക മേഖലയ്ക്കുള്ള വകയിരുത്തലും, ചെലവും നാമമാത്രമാണ്. കാർഷിക മേഖലയുടെ സ്ഥായിയായ പുരോഗതിയ്ക്ക് ആവശ്യമായ സമഗ്രമായ പദ്ധതികൾ ഒന്നുംതന്നെ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്നില്ല. ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നുമില്ല. അംഗീകരിച്ച പ്രോജക്ടുകളിലെ നിർവ്വഹണ കലണ്ടർ അനുസരിച്ച് ടി പദ്ധതികൾ എല്ലാം തന്നെ ഒക്ടോബർ മാസം നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും മാർച്ച് മാസത്തിലെ അവസാന വാരത്തിലാണ് പദ്ധതിയ്ക്കാവശ്യമായ നടീൽ വസ്തുക്കളും, വളവും വിതരണം ചെയ്തിട്ടുള്ളത്. വിളവർദ്ധനയ്ക്കുള്ള പദ്ധതികൾ കൊടും വേനൽക്കാലമായ മാർച്ച് മാസത്തിൽ നടപ്പിലാക്കുന്നതിനാൽ പ്രോജക്ട് കൊണ്ട് ഉദ്ദേശിച്ച യഥാർത്ഥ പ്രയോജനം കർഷകർക്ക് ലഭിക്കുന്നില്ല. കാർഷിക മേഖലയുടെ സമഗ്രവികസനത്തിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 3-11 ബയോഗ്യാസ് പ്ലാന്റിന്റെ തുടർചെലവുകൾ വഹിക്കുന്നതിനുള്ള പ്രോജക്ട് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബയോഗ്യാസ് പ്ലാന്റ് തുടർ ചെലവുകൾ എന്ന പേരിൽ വികസന ഫണ്ടിൽനിന്നും 361060 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിച്ച വകയിൽ ബയോടെക്, വഴുതക്കാട്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് പ്രതിമാസം 14200 രൂപ നിരക്കിൽ 170400 രൂപ നൽകിയിട്ടുണ്ട്. ബയോടെക്കുമായി മുൻപ് ഏർപ്പെട്ടിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിലാണ് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് പഞ്ചായത്ത് ഇപ്രകാരം തുക നൽകിവരുന്നത്. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് ബയോടോക് 7500 രൂപ ചെലവഴിക്കുന്ന സ്ഥാനത്താണ് 14200 രൂപ പഞ്ചായത്തിൽനിന്നും കൈപ്പറ്റുന്നത്. പ്ലാന്റിൽ ജൈവ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന തൊഴിലാളിക്ക് പ്രതിമാസം 3500 രൂപയും പ്ലാന്റ് ഓപ്പറേറ്റർക്ക് 4000 രൂപയുമാണ് സ്ഥാപനം നൽകിവരുന്നത്. കരാർ പ്രകാരം പ്ലാന്റിന് കാലകാലങ്ങളിൽവരുന്ന അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് കരാറിൽ വ്യവസ്ഥയില്ല. കുറഞ്ഞ ചെലവിൽ പഞ്ചായത്തിന് നേരിട്ട് പ്ലാന്റ് പ്രവർത്തിപ്പിക്കാമെന്നിരിക്കെയാണ് ഇരട്ടിയോളം തുക സ്ഥാപനത്തിന് ഓപ്പറേറ്റിംഗ് ചാർജ്ജായി നൽകിവരുന്നത്. ഓഡിറ്റ് വർഷം ഓപ്പറേറ്റിംഗ് ചാർജ്ജിൽ 15% വർദ്ധനവ് സ്ഥാപനം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് അനുവദിച്ചിട്ടില്ല. സ്ഥാപനത്തിന് പ്രതിമാസ പ്രവർത്തന ചെലവിന് പകരം എ.എം.സി. (Annual Maintenance Contract) നൽകുന്നതാണ് ഉചിതമെന്ന് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് ഫയലിൽ നോട്ട് എഴുതിയിട്ടുള്ളതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവാകുന്നതിനേക്കാൾ വളരെ ഉയർന്ന തുകയാണ് സ്ഥാപനം ഗ്രാമപഞ്ചായത്തിൽനിന്നും കൈപ്പറ്റുന്നതെന്ന വസ്തുത ഗ്രാമപഞ്ചായത്ത് അധികൃതർക്കും ബോദ്ധ്യമുള്ളതാണ്. നിലവിലുള്ള സാഹചര്യത്തിൽ പഞ്ചായത്ത് നേരിട്ട് പ്ലാന്റ് ഓപ്പറേറ്റ് ചെയ്യുകയാണെങ്കിൽ പ്രതിവർഷം 80400 രൂപ ലാഭിക്കാവുന്നതാണ്. ആയതിനാൽ ബയോടെക്കിന് പ്രതിമാസ പ്രവർത്തന ചെലവ് നൽകുന്ന കരാർ തുടരേണ്ടതുണ്ടോയെന്ന് ഗ്രാമപഞ്ചായത്ത് ഗൗരവമായി അലോചിക്കേണ്ടതാണ്. ലാഭിക്കാവുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രതിവർഷം ബയോടോകിന് കരാർപ്രകാരം നൽകുന്ന തുക | 14200x12 | 170400 |
| പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന്<br>രണ്ട് തൊഴിലാളികൾക്ക് വേതനം നൽകുന്ന ഇനത്തിലുള്ള യഥാർത്ഥ ചെലവ് | 7500x12 | 90000 |
| | വ്യത്യാസം | 80400 |

കൂടാതെ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം [സ.ഉ.(എം.എസ്.)നമ്പർ 4/2016/തസ്വഭവ, തീ. 11.01.2016] പ്രതിമാസ പ്രവർത്തന ചെലവ് വഹിക്കുന്നതിന് വികസന ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുന്നതിന് വ്യവസ്ഥയില്ല. ഖരമാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. മാർഗ്ഗരേഖയിലെ ഖണ്ഡിക 4(3) പ്രകാരം അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിനുവേണ്ടി വരുന്ന ആവർത്തന സ്വഭാവമുള്ള ചെലവുകൾ പദ്ധതിയുടെ ഭാഗമാക്കാവുന്നതല്ല. അപ്രകാരമുള്ള തുക ബജറ്റിൽ വകയിരുത്തി തനത് ഫണ്ടിൽനിന്നും ചെലവഴിക്കേണ്ടതാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയത് ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-12 28.29 ലക്ഷം രൂപ അടങ്കലുള്ള 7 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ഇല്ല

ഗ്രാമപഞ്ചായത്ത് വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കാലാകാലങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതല്ലാതെ അവയുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. ഗ്രാമപഞ്ചായത്തിന്റെ 12-ാം പഞ്ചവത്സര പദ്ധതി കാലയളവിലെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരം 4 പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയിലും, 3 പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.യിലും ആകെ 28.29 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ ഇവയുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഓഡിറ്റ് തീയതിയിലും ലഭ്യമായിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | വർഷം | പ്രോ.നം. | പ്രോജക്ടിന്റെ പേര് | ഡെപ്പോസിറ്റ് തുക | ഏജൻസി |
|---|---|---|---|---|---|
| 1 | 2012-13 | 168 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 670792 | വാട്ടർ അതോറിറ്റി |
| 2. | 2013-14 | 95 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം സ്ഥാപിക്കൽ | 614800 | കെ.എസ്.ഇ.ബി. |
| 3 | " | 131 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 69208 | വാട്ടർ അതോറിറ്റി |
| 4 | 2014-15 | 96 | ശബരിമാല തീർത്ഥാടന അനുബന്ധ പാത ലൈൻ എക്സ്റ്റൻഷൻ | 297460 | കെ.എസ്.ഇ.ബി. |
| 5 | 2015-16 | 180 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 574500 | വാട്ടർ അതോറിറ്റി |
| 6 | " | 182 | ഫോറിൻപടി കുടിവെള്ള പദ്ധതി | 515000 | വാട്ടർ അതോറിറ്റി |
| 7. | " | 187 | സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ | 87200 | കെ.എസ്.ഇ.ബി. |
| | | | ആകെ | 2828960 | |

ടി പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതും അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

# 3-13 ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് മുടക്കിയ ലക്ഷങ്ങൾ

## പാഴായി

പഞ്ചായത്തിലെ എല്ലാം വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കണമെന്ന സർക്കാർ നിർദ്ദേശം പ്രാവർത്തികമായിട്ടില്ല. 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഓരോ വാർഡിലും സേവാഗ്രാം ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. ഇത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 25.06.2014-ലെ സ.ഉ.(എം.എസ്.)നം.112/2014/തസ്വഭവ) നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. ഗ്രാമസഭാ ആസ്ഥാനമെന്ന നിലയിൽ ഗ്രാമസഭാ സംഘാടനത്തിനും വാർഡിൽ നടക്കുന്ന ഭരണ-വികസന-ക്ഷേമ-സേവന-സാംസ്കാരിക-സാമൂഹ്യ പ്രവർത്തനങ്ങൾ കൂട്ടായി ചർച്ച ചെയ്യുന്നതിനും വിലയിരുത്തുന്നതിനും, ക്രോഡീകരിക്കുന്നതിനും മോണിട്ടർ ചെയ്യുന്നതിനും വാർഡ് വികസന സമിതിയെ സഹായിക്കുന്നതിനുംവേണ്ടിയുള്ള ഭരണ-സേവന കേന്ദ്രമായി ഗ്രാമകേന്ദ്രം പ്രവർത്തിക്കണമെന്നാണ് ഉത്തരവിൽ സർക്കാർ നിർദ്ദേശിച്ചിരുന്നത്. ഗ്രാമപഞ്ചായത്തിൽ 15 വാർഡുകൾ ഉള്ളതിൽ 6 വാർഡുകളിൽ മാത്രമാണ് നിലവിൽ ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് (3-വലിയകുളം, 4-വടശ്ശേരിക്കര, 6-പേഴുംപാറ, 7-അരീക്കകാവ്, 11-തെക്കുംമല, 15-ഇടക്കുളം). 2014-15 വർഷം ഗ്രാമകേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി വികസന ഫണ്ടിൽനിന്നും 229099 രൂപ ചെലവഴിച്ചിട്ടുണ്ട്. ഭൂരിപക്ഷം വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ ഇതിനായി ചെലവഴിച്ച ഗണ്യമായ തുക പാഴായ അവസ്ഥയിലാണ്. സർക്കാർ നിർദ്ദേശം പ്രാവർത്തികമാക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-14 എഗ്ഗർ നേഴ്സറി - ശേഷിയിൽ കവിഞ്ഞ് കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തു

Bill No. 4/30.03.17 – ₹334800

DD No. 999054/30.03.17 - ₹111600

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വെറ്ററനറി സർജന്റെ നിർവ്വഹണ ചുമതലയിൽ പ്രോജക്ട് നം.55/17 പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 751094 രൂപയും ഗുണഭോക്തൃവിഹിതം 249000 രൂപയും ഉൾപ്പടെ ആകെ 1000094 രൂപ അടങ്കൽ വകയിരുത്തി മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വിതരണം ചെയ്യുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി വികസന ഫണ്ടിൽനിന്നും 334800 രൂപയും ഗുണഭോക്തൃവിഹിതത്തിൽനിന്നും 111600 രൂപയും ഉൾപ്പടെ ആകെ 446400 രൂപ ചെലവഴിച്ച് 45-60 ദിവസം പ്രായമായ 4464 കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വിതരണം ചെയ്തിട്ടുണ്ട് (ഒരു ഗുണഭോക്താവിന് 6 എണ്ണം വീതം). മാളു എഗ്ഗർ നഴ്സറി, അങ്ങാടിക്കൽ, ചെങ്ങന്നൂർ എന്ന സ്ഥാപനത്തിൽനിന്നുമാണ് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയിരിക്കുന്നത്. ടി എഗ്ഗർ നഴ്സറി 01.10.2016 മുതൽ രണ്ട് വർഷകാലത്തേക്ക് പ്രവർത്തിപ്പിക്കുന്നതിന് അംഗീകാരം നൽകിക്കൊണ്ട് ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസർ നൽകിയിട്ടുള്ള ഉത്തരവ് പ്രകാരം (നം.ബി2-1129/16, തീ.01.11.2016) സ്ഥാപനത്തിൽ വളർത്താവുന്ന കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം 2000 ആയി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രേഖകൾ പ്രകാരം 09.02.2017-ന് വിരിയിച്ച് ഇറക്കിയ 4464 കോഴിക്കുഞ്ഞുങ്ങളെ ടി സ്ഥാപനത്തിൽനിന്നും വാങ്ങിയിരിക്കുന്നു. രണ്ടായിരം കോഴിക്കുഞ്ഞുങ്ങളെ മാത്രം വളർത്തുന്നതിന് അനുമതിയുള്ള സ്ഥാപനത്തിൽനിന്നും സ്ഥാപിതശേഷിയിൽ അധികം കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയത് ക്രമപ്രകാരമല്ല. പുറത്തുനിന്നും ഗുണനിലവാരം കുറഞ്ഞ കോഴിക്കുഞ്ഞുങ്ങളെ വാങ്ങി അംഗീകാരമുള്ള സ്ഥാപനത്തിന്റെ പേരിൽ വിതരണം ചെയ്തിരിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. കൂടാതെ 2016 സെപ്റ്റംബർ മാസം അംഗീകാരം ലഭിച്ച പദ്ധതിയുടെ നിർവ്വഹണം 2017 മാർച്ച് മാസംവരെ വലിച്ചുനീട്ടിയതും ശരിയായ നടപടിയല്ല. ഉയർന്ന അന്തരീക്ഷ താപനിലയുള്ള മാസങ്ങളിൽ കോഴിക്കുഞ്ഞുങ്ങളുടെ മരണനിരക്ക് ഉയർന്നിരിക്കുമെന്നത് നിർവ്വഹണ ഉദ്യോഗസ്ഥന് അറിവുള്ളതാണ്. ഈ സാഹചര്യത്തിൽ പ്രോജക്ടിലെ നിർവ്വഹണ കലണ്ടറിൽ കാണിച്ചിരിക്കുന്ന സമയക്രമം പദ്ധതി നിർവ്വഹണത്തിൽ പാലിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. അപാകത അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-15 ഒട്ടനവധി ഗുണഭോക്താക്കൾ ഉണ്ടായിരുന്ന പശുവളർത്തൽ പദ്ധതികൾ നടപ്പിലാക്കിയില്ല

ഓഡിറ്റ് വർഷം (2016-17) വെറ്ററിനറി സർജന്റെ നിർവ്വഹണ ചുമതലയിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ച് ആവിഷ്കരിച്ച 22.5 ലക്ഷം രൂപ അടങ്കലുള്ള ചുവടെ ചേർക്കുന്ന രണ്ട് പശുവളർത്തൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

| പ്രോജക്ട് നം. | വിഭാഗം | വകയിരുത്തിയ തുക | | | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| | | വികസന ഫണ്ട് | മറ്റിനം | ആകെ | |
| 57/17 | ജനറൽ | 450000 | 1050000 | 1500000 | 235 |

| | | | | | |
|---|---|---|---|---|---|
| 59/17 | എസ്.സി.പി. | 300000 | 450000 | 750000 | 39 |

പൊതുവിഭാഗത്തിൽ 235-ഉം പട്ടികജാതി വിഭാഗത്തിൽ 39-ഉം അപേക്ഷകർ ഉണ്ടായിരുന്ന പശുവളർത്തൽ പദ്ധതി നടപ്പിലാക്കാതിരുന്നത് നിർവ്വഹണ ചുമതലയുണ്ടായിരുന്ന വെറ്ററിനറി സർജന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉല്പാദന മേഖലയുടെ സ്ഥായിയായ വളർച്ചയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. ഭക്ഷ്യവിളകൾ, പാൽ, മുട്ട, മാംസം, മത്സ്യം എന്നിവയുടെ ഉല്പാദനവും ഉല്പന്നങ്ങളുടെ സംസ്കരണം, വിപണനം എന്നീ സംവിധാനങ്ങളും മെച്ചപ്പെടുത്തുന്നതിനാണ് സർക്കാർ ഒന്നാമത്തെ മുൻഗണന നൽകിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഉല്പാദന മേഖലയിലയിൽ ഏറ്റവും കൂടുതൽ ഗുണഭോക്താക്കൾ ഉണ്ടായിരുന്ന പശു വളർത്തൽ പദ്ധതി നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കിയത് ശരിയായ നടപടിയല്ല. പദ്ധതി നിർവ്വഹണത്തിലെ ഇത്തരം വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 ഭവന പുനരുദ്ധാരണ പദ്ധതികൾ; സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചില്ല

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വി.ഇ.ഒ നടപ്പിലാക്കിയ ഭവന പുനരുദ്ധാരണ പ്രോജക്ടുകളുടെ ഫയലുകൾ പരിശോധിച്ചതിൽ സബ്സിഡി മാർഗ്ഗരേഖയിലെ [സ.ഉ.(എം.എസ്.) നമ്പർ 4/2016/തസ്വഭവ, തീ. 11.01.2016] വ്യവസ്ഥകൾ കൃത്യമായി പാലിച്ചിട്ടില്ലെന്ന് കാണുന്നു. ഓഡിറ്റ് വർഷം രണ്ട് പദ്ധതികളിലായി മൊത്തം 60 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് വി.ഇ.ഒ. ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വിഭാഗം | അടങ്കൽ | ഗുണഭോക്താക്കളുടെ എണ്ണം | യൂണിറ്റ് കോസ്റ്റ് | വിതരണം ചെയ്ത തുക | ചെലവിന്റെ വിവരം (ട്രഷറി ബിൽ നം., തീ.) |
|---|---|---|---|---|---|---|---|
| 9/17 | ലക്ഷം വീട് പുനരുദ്ധാരണം | ജനറൽ | 500000 | 5 | 25000 | 125000 | 6/23-2-17 |
| 25/17 | വീട് പുനരുദ്ധാരണം | ജനറൽ | 1125000 | 55 | 15000 | 825000 | 9/28-2-17 |
| | ആകെ | | | | | 950000 | |

ടി പ്രോജക്ടുകളുടെ നിർവ്വഹണത്തിലുണ്ടായിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വരുമാന പരിധി 100000 രൂപക്കുവിധേയമായി ബി.പി.എൽ. ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരെ ആയിരിക്കണം പദ്ധതിയുടെ ഗുണഭോക്താക്കൾ. എന്നാൽ ഗുണഭോക്താക്കൾ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നതാണെന്ന് തെളിയിക്കുന്നതിനുള്ള യാതൊരു രേഖകളും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.
2. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 12 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഭവനപുനരുദ്ധാരണത്തിനുള്ള ധനസഹായത്തിന് അർഹതയുള്ളൂ. എന്നാൽ വീടുകളുടെ കാലപ്പഴക്കം നിർണ്ണയിക്കാതെയാണ് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്.
3. എൽ.എസ്.ജി.ഡി. എഞ്ചിനീയർ അളവ് എടുത്ത ശേഷമായിരിക്കണം സബ്സിഡി വിതരണം ചെയ്യേണ്ടതെന്ന നിബന്ധനയും പാലിച്ചിട്ടില്ല. എഞ്ചിനീയറുടെ മെഷർമെന്റിന് പകരം എൽ.എസ്.ജി.ഡി. ഓവർസീയറുടെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്.

ടി അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ കൃത്യമായി പാലിക്കുന്നതിനും, ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്നതിനുള്ള എല്ലാ രേഖകളും ഫയലിൽ ലഭ്യമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-17 ലക്ഷംവീട് നിർമ്മാണ പദ്ധതി നടപ്പിലാക്കിയില്ല

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ലക്ഷം വീട് നിർമ്മാണം എന്ന പേരിൽ വി.ഇ.ഒ-യുടെ നിർവ്വഹണ ചുമതലയിൽ 10 ലക്ഷം രൂപ പൊതു വിഭാഗം വികസന ഫണ്ടും , 5 ലക്ഷം രൂപ തനത് ഫണ്ടും ഉൾപ്പടെ 15 ലക്ഷം രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. പദ്ധതി തൻവർഷം നടപ്പിലാക്കിയിട്ടില്ല. 2016-17-ലെ വാർഷിക പദ്ധതിയിൽ ടി പ്രോജക്ട് സ്പിൽ ഓവറായി നിലനിർത്തിയെങ്കിലും തൻവർഷവും നടപ്പാക്കുകയുണ്ടായില്ല. 2016-17-ലെ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പ്രകാരം പദ്ധതിയുടെ ഗുണഭോക്താക്കളായി 7 പേരെ

തെരഞ്ഞെടുത്തിരുന്നു. പദ്ധതിയ്ക്ക് അർഹരായ ഗുണഭോക്താക്കൾ ഉണ്ടായിരിക്കേ പദ്ധതി നടപ്പിലാക്കാതെ തുടർച്ചയായ വർഷങ്ങളിൽ പദ്ധതിയ്ക്ക് വകയിരുത്തിയിരുന്ന തുക ലാപ്സാക്കിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാതെ ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം നിഷേധിച്ചത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-18 അങ്കണവാടി പോഷകാഹാര പരിപാടിക്ക് പട്ടികജാതി ഫണ്ട് വകയിരുത്തി; സർക്കാർ നിർദ്ദേശം പാലിച്ചില്ല

2016-17-ലെ വാർഷിക പദ്ധതിയിൽ അങ്കണവാടി പോഷകാഹാര പദ്ധതിയ്ക്ക് പട്ടികജാതി വികസന ഫണ്ടിൽനിന്നും 5 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് ചെലവ് ചെയ്തിട്ടുണ്ട്. അങ്കണവാടികളിൽ പഠിക്കുന്ന പൊതുവിഭാഗം, പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗം കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽവേണം പൊതുവിഭാഗം, എസ്.സി.പി., ടി.എസ്.പി. ഫണ്ടുകൾ പദ്ധതിയ്ക്കായി വകയിരുത്താൻ (സ.ഉ.(എം.എസ്.)നമ്പർ 4/2016/തസ്വഭവ, തീ. 11.01.2016 – ഖ.9(i)). ഐ.സി.ഡി.എസ്. സൂപ്പർവൈസർ തയ്യാറാക്കിയിട്ടുള്ള ഓരോ വിഭാഗത്തിലെയും കുട്ടികളുടെ എണ്ണവും, ശതമാനവും സംബന്ധിച്ച സാക്ഷ്യപത്രം അനിവാര്യമായും പ്രോജക്ടിനോടൊപ്പം സമർപ്പിച്ചിരിക്കണമെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ ഇത്തരമൊരു സാക്ഷ്യപത്രത്തിന്റെ അഭാവത്തിലാണ് പട്ടികജാതി ഫണ്ട് വകയിരുത്തി പോഷകാഹാര വിതരണത്തിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. സർക്കാർ മാർഗ്ഗരേഖയുടെ ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-19 അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയില്ല

ഗ്രാമപഞ്ചായത്തിൽ 28 അങ്കണവാടികളാണുള്ളത്. ഇവയിൽ 18എണ്ണം സ്വന്തം കെട്ടിടത്തിലും, 10 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 2016-17 വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഓഡിറ്റ് തീയതിയിലും ലഭ്യമാക്കിയിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2011-ലെ 31055/ഡി.സി.2/2011 നമ്പർ സർക്കുലറിൽ അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷിതത്വസംവിധാനങ്ങൾ ഉറപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ വർഷവും മേയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എൻജിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിപ്പിക്കാൻ പാടില്ല. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷത്തെയും മാർച്ച് മാസത്തിന്റെ അവസാനം ഐ.സി.ഡി.എസ്.സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എൻജിനീയർ/ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ചുചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത നിർദ്ദേശവും പാലിച്ചില്ല.

ടി സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-20 ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ രണ്ട്മാസത്തിൽ ഒരിക്കൽ ഫുഡ് ടെസ്റ്റ് ലാബിൽ ഗുണനിലവാര പരിശോധനക്ക് വിധേയമാക്കുവാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 18.02.2010-ലെ ഐ.സി.ഡി.എസ്.ബി3-312/2010 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ 28 അങ്കണവാടികളിൽ 567919 രൂപയുടെ ന്യൂട്രിമിക്സ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം വിതരണം ചെയ്തിട്ടുള്ള ന്യൂട്രിമിക്സ് സാമ്പിളുകൾ ഗുണനിലവാര പരിശോധനക്ക് വിധേയമാക്കിയിട്ടില്ല. സർക്കുലറിൽ നിർദ്ദേശിച്ചതുപോലെ രണ്ട് മാസത്തിലൊരിക്കൽ വീതം സാമ്പിൾ ടെസ്റ്റ് നടത്തുന്നതിന് മേലിൽ നടപടി സ്വീകരിക്കേണ്ടതാണ്. പരിശോധനക്ക് വിധേയമാക്കുന്ന സാമ്പിളുകൾ തൃപ്തികരമായ ഗുണനിലവാരം പുലർത്തുന്നില്ലെന്ന് ലാബ് റിപ്പോർട്ടിൽ തെളിയുന്നപക്ഷം പ്രസ്തുത ബാച്ചിൽപ്പെട്ട ഭക്ഷ്യമിശ്രിതത്തിന്റെ വില അത് വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റിന് നൽകേണ്ടതില്ല എന്ന കാര്യവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-21 ചെലവ് മുൻകൂട്ടി കണ്ട് ട്രഷറിയിൽനിന്നും തുക പിൻവലിച്ചു

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം.61/17 പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 50000 രൂപ വകയിരുത്തി നടപ്പിലാക്കിയ പദ്ധതിയാണ് ബാലസഭ. പദ്ധതിയുടെ ഭാഗമായി ആകെ 49438 രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നം-8/16-17 തീയതി 31-03-2017)

പഞ്ചായത്തിലെ ബാലസഭയിൽ ഉൾപ്പെട്ട നൂറിൽപരം കുട്ടികൾക്ക് ചിത്രരചനയിൽ 25 ദിവസത്തെ പരിശീലനം നൽകുന്നതിനും, മലയാള മനോരമയുടെ ഇംഗ്ലീഷ് പ്രസിദ്ധീരണമായ "Tell Me Why" എന്ന പുസ്തകം വാങ്ങി വിതരണം ചെയ്യുന്നതിനുമാണ് തുക ചെലവഴിച്ചിരിക്കുന്നത് (478 എണ്ണം @ 25 = 11950). പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ധനവിനിയോഗ മാർഗ്ഗരേഖ പ്രകാരം (G.O.(P)No.177/06, dtd.12.04.2006) ചെലവ് മുന്നിൽകണ്ടുകൊണ്ട് പദ്ധതി തുക ട്രഷറിയിൽനിന്നും പിൻവലിക്കാൻ പാടില്ല (സർക്കാർ പ്രത്യേകം അനുവദിച്ചിട്ടുള്ള സംഗതികളിലല്ലാതെ). എന്നാൽ ഈ പ്രോജക്ടിന്റെ കാര്യത്തിൽ തുക മുൻകൂറായി പിൻവലിച്ചു. ചിത്രകലാ പരിശീലനത്തിന് പങ്കെടുത്ത കുട്ടികളുടെ ഹാജർ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ പ്രകാരം 2017 ഏപ്രിൽ 5 മുതൽ 28 വരെ തീയതികളിലാണ് പരിശീലനം നടത്തിയിട്ടുള്ളതെന്ന് കാണുന്നു. ചിത്രകലാ പരിശീലകനായ ശ്രീ സിജോമോൻ പി.ഡി. എന്ന വ്യക്തി 30.03.17-നാണ് പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. പരിശീലകന് കരാർ പ്രകാരമുള്ള 12500 രൂപ നൽകിയിരിക്കുന്നത് 19.05.2017-ലാണ്. 30.03.2017-ൽ ട്രഷറിയിൽനിന്നും പിൻവലിച്ച തുക സി.ഡി.എസ്.-ന്റെ അക്കൗണ്ടിൽ വകമാറ്റി നിക്ഷേപിക്കുകയും പണമായി വിതരണം ചെയ്യുകയും ചെയ്തു. ആയിരം രൂപയിൽ അധികമുള്ള തുകകൾ ഡി.ഡി.ആയി വേണം വിതരണം ചെയ്യാൻ. കൂടാതെ ട്രഷറിയിൽനിന്നും മാറുന്ന തുകകൾ 30 ദിവസത്തിൽ അധികം വിതരണം ചെയ്യാതെ സൂക്ഷിക്കുന്നതിനും വ്യവസ്ഥയില്ല. മാർച്ച് 31-ന് ട്രഷറിയിൽനിന്നും പിൻവലിച്ച തുക 19.05.2017 വരെ സി.ഡി.എസ്. അക്കൗണ്ടിൽ സൂക്ഷിച്ചതും പണമായി വിതരണം ചെയ്തതും ധനവിനിയോഗ ചട്ടങ്ങളുടെ ലംഘനമാണ്. അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിലേക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-22 ഇ ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്കും വാറ്റ് സർക്കാർ ഫണ്ടിലേക്കും ക്രഡിറ്റ് ചെയ്തില്ല

a28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസും വാറ്റും (5%) പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ജി.ഒ.(പി) നം-03/2015/ഫിൻ/05-01-2015 ഉത്തരവ് അനുസരിച്ച് 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ, കൂടിയത് 2000 രൂപ).പത്ത് ലക്ഷത്തിന് മുകളിൽ രണ്ട് കോടി വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 5000രൂപയുമാണ്. ടെണ്ടർ ഫീസ് പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള ധനകാര്യവകുപ്പിന്റെ ജി.ഒ.(പി) 429/2015/ഫിൻ /28-09-2015 ഉത്തരവ് അനുസരിച്ച് 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ, കൂടിയത് 2000 രൂപ).പത്ത് ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 2500 രൂപയുമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ അനുസരിച്ച് വടശ്ശേരിക്കര ഗ്രാമ പഞ്ചായത്തിൽ 2015-16 മുതൽ 2016-17 വരെ ഇ ടെണ്ടർ മുഖേന 13 പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്കായി ഇ ടെണ്ടർ സമർപ്പിച്ച ഓരോ കരാറുകാരനും താഴെപ്പറയും പ്രകാരം ഓൺലൈനായി ടെണ്ടർ ഫീസും വാറ്റും എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർഫീസ് വടശ്ശേരിക്കര ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനും വാറ്റ് ഇനത്തിൽ ലഭിച്ച തുക സർക്കാരിലേക്ക് ഒടുക്കുന്നതിനും നാളിതുവരെയായി അസി. എഞ്ചിനിയർ നടപടി സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ഇ ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ആകെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് | വാറ്റ് (5%) | ആകെ |
|---|---|---|---|---|---|---|
| 1. | ബൗണ്ടറി ആക്കേമൺ ഒളിക്കല്ല് റോഡിൽ കുതിരപ്പുഴ പാലം നിർമ്മാണം. | 1213991 | 3 | 3x5000= 15000 | 750 | 15750 |
| 2. | അങ്കണവാടി നം.34,ബംഗ്ലാം കടവ് അങ്കണവാടി നം.57 അരീയ്ക്കക്കാവ് പുനരുദ്ധാരണം | 1342000 | 2 | 2x5000= 10000 | 500 | 10500 |

| | | | | | | |
|---|---|---|---|---|---|---|
| 3. | അങ്കണവാടി നം.51, ഒളിക്കല്ല് അങ്കണവാടി നം.53 പേഴുംപാറ പുനരുദ്ധാരണം | 859000 | 3 | 3x1800= 5400 | 270 | 5670 |
| 4. | വടശ്ശേരിക്കര ഗ്രാമ പഞ്ചായത്ത് ഓഫീസ് നവീകരണം. | 1309253 | 2 | 2x2500= 5000 | 250 | 5250 |
| 5. | വടശ്ശേരിക്കര മാർക്കറ്റിൽ മാലിന്യ സംസ്കരണ ഷെഡ് നിർമ്മാണം ( S108/17) | 500000 | 1 | 1x1000= 1000 | 50 | 1050 |
| 6. | 17 ഏക്കർ പ്ലാന്റേഷൻ റോഡ് റീടാറിംഗ്( S148/17) | 800000 | 5 | 1x1600= 1600 | 80 | 1680 |
| 7. | വടശ്ശേരിക്കര ന്യൂ യു.പി.എസ് ബഗ്ലാംകടവ്, ഗവ.എൽ.പി.എസ്, വടശ്ശേരിക്കര അടുക്കള നിർമ്മാണം( S102/17) | 700000 | 1 | 1x1400= 1400 | 70 | 1470 |
| 8. | ജണ്ട ജംഗ്ഷൻ കുളത്തുങ്കൽ പടി റോഡ് റീടാറിംഗ് | 575000 | 1 | 1x1150= 1150 | 58 | 1208 |
| 9. | കുമ്പളാം പൊയ്ക തലച്ചിറ വള്ളിയാനി റോഡ് റീടാറിംഗ് | 750000 | 2 | 2x1500= 3000 | 150 | 3150 |
| 10. | നെല്ലിപ്പാറ തെക്കുംമല വിംറോക്ക് റോഡ് കോൺക്രീറ്റിംഗ് | 950000 | 7 | 7x1900= 13300 | 665 | 13965 |
| 11. | വടശ്ശേരിക്കര മൃഗാശുപത്രി കെട്ടിട നിർമ്മാണം | 2510149 | 8 | 8x2500= 20000 | 1000 | 21000 |
| | ആകെ | | | 76850 | 3843 | 80693 |

ടി വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/26-05-17) അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിരുന്നു. ടെണ്ടർ ഫീസും വാറ്റും എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിൽനിന്നും ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് അസി. എഞ്ചിനിയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. വാറ്റ് ഇനത്തിൽ സർക്കാരിലേക്ക് അടക്കേണ്ട തുക ഒടുക്ക് വരുത്തേണ്ടതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ടി തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതും വാറ്റ് തുക വാണിജ്യവകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത തുക അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിർണ്ണയിക്കുന്നതുമാണ്.

## 3-23 പൂരകപോഷകാഹാര പ്രോജക്ടിന് ലഭ്യമാകുന്ന കേന്ദ്രഫണ്ട്

## ചെലവഴിക്കുന്നില്ല

2016-17 സാമ്പത്തിക വർഷം പൂരകപോഷകാഹാര പ്രോജക്ടിനായി ലഭിച്ച കേന്ദ്രഫണ്ട് ഗ്രാമപ്പഞ്ചായത്ത് വിനിയോഗിച്ചില്ല. 703442 രൂപയാണ് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന പഞ്ചായത്തിന്റെ തനത്ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റായി ലഭിച്ചത്. മുൻബാക്കി ഉൾപ്പെടെ ഐ.സി.ഡി.എസ് അക്കൗണ്ടിൽ 31-03-2017 ൽ 1357866 രൂപയാണ് അവശേഷിക്കുന്നത്. അങ്കണവാടി പോഷകാഹാര പരിപാടിക്കായി തയ്യാറാക്കിയ പ്രോജക്ടിൽ(നം-48/16-17) കേന്ദ്രഫണ്ട് വിഹിതം കാണിച്ചിട്ടില്ല. കേന്ദ്രഫണ്ട് വിഹിതം സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് അറിയിപ്പ് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് തുക വകയിരുത്തി പ്രോജക്ട് തയ്യാറാക്കുന്നത്. എന്നാൽ ഇപ്രകാരമൊരു നടപടി നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ലഭ്യമാകുന്ന കേന്ദ്രഫണ്ട് ചെലവഴിക്കാതെ വികസനഫണ്ട് മാത്രം ചെലവിടുന്ന പ്രവണത ഒഴിവാക്കി അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ചെലവിടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-24 നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതിന്റെ ഔദ്യോഗിക രസീത് ഇല്ല

2016-17 സാമ്പത്തിക വർഷം അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 49പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം അസി. എഞ്ചിനിയർ ലഭ്യമാക്കിയ കണക്ക് പ്രകാരം 72184/- രൂപയാണ്. ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതായി നിർവ്വഹ ഉദ്യോഗസ്ഥൻ അറിയിച്ചു. ഒടുക്കിയ തുക അക്കൗണ്ടിൽ വരവ് വച്ചതിന്റ ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ല.

'ടി ക്ഷേമനിധി തുക ബോർഡിന്റെ കണക്കിൽ വരവ് വച്ചിട്ടുള്ളതിന്റെ ഔദ്യോഗിക രസീത് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-25 സേവന നികുതി ഒടുക്ക് വരുത്തിയില്ല

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി കരാറുകാർ മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ സേവന നികുതി കൂടി വകയിരുത്തിയാണ് അംഗീകാരം വാങ്ങിയിട്ടുള്ളത്. പ്രസ്തുത സേവന നികുതി ഉൾപ്പെടെയാണ് ഫൈനൽ ബിൽ തുക മാറിയിട്ടുള്ളത്.പ്രസ്തുത തുക കേന്ദ്ര ഫണ്ടിലേക്ക് ഒടുക്ക് വരുത്തുന്നതിനായുള്ള ഹെഡ് ഓഫ് അക്കൗണ്ട് സംബന്ധിച്ച നിർദ്ദേശം ലഭിച്ചിട്ടില്ലാത്തതിനാൽ അസി. എഞ്ചിനിയറുടെ പേരിൽ വടശ്ശേരിക്കര എസ്.ബി.റ്റിയിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചരിക്കുകയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അക്കൗണ്ടിലുള്ള സേവന നികുതി |
|---|---|---|
| 1. | വളിയകുളം ഗവ.എൽ.പി.എസ് ടൈൽ പാകലും റൂഫിംഗും(110/17) | 37584 |
| 2. | വടശ്ശേരിക്കര മൃഗാശുപത്രി കെട്ടിട നിർമ്മാണം (135/17) | 77431 |
| 3. | വടശ്ശേരിക്കര വെയിറ്റിംഗ് ഷെഡിന്റെ മെയിന്റനൻസ് (104/17) | 18032 |
| 4. | അങ്കണവായി റൂഫിംഗ് ഫെൻസിംഗ്(106/17) | 33215 |
| 5. | പഞ്ചായത്ത് ഓഫീസിന് ബോർഡും ഗേറ്റും സ്ഥാപിക്കൽ (105/17) | 6709 |
| | ആകെ | 172971 |

ടി സേവന നികുതി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-26 കൺവീനർ പ്രവൃത്തികൾക്കായി ഹാജരാക്കുന്ന ബിൽ/വൗച്ചറുകളിൽ വിവിധ അപാകതകൾ

2016-17 വർഷം അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ 40 മരാമത്ത് പ്രവൃത്തികൾക്കായി 13718550/- രൂപ ചെലവഴിച്ചിട്ടുണ്ട്. 1999ൽ സർക്കാർ പുറപ്പെടുവിച്ച ഗുണഭേക്തൃ സമിതി മാർഗ്ഗരേഖ അനുസരിച്ച് സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ പ്രവൃത്തിമൂല്ല്യത്തുകയോ എസ്റ്റിമേറ്റ് തുകയോ കൺവീനർ യഥാർത്ഥത്തിൽ ചെലവഴിച്ച തുകയോ ഏതാണ് കുറവ് എങ്കിൽ ആ തുകയ്ക്ക് മാത്രമാണ് കൺവീനർക്ക് പ്രതിഫലമായി അർഹതയുള്ളത്. സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളിൽ എല്ലാംതന്നെ സമിതി ഹാജരാക്കിയ വൗച്ചർ/ ബില്ലിന് ആധാരമായി ഗുണഭേക്തൃ സമിതി അംഗീകരിച്ച ചെലവ് കണക്ക് പ്രവൃത്തിമൂല്യ തുക, എസ്റ്റിമേറ്റ് തുക എന്നിവയേക്കാൾ കൂടുതലാണ്. ആയതിനാൽ പ്രവൃത്തിമൂല്ലത്തുക അംഗീകരിച്ച് നിയമ പ്രകാരമുള്ള നികുതികൾ കുറവ് ചെയ്താണ് കൺവീനർക്ക് പ്രതിഫലം നൽകിയിട്ടുള്ളത്. പ്രസ്തുത ഫയലുകൾ പരിശോധിച്ചതിൽ കണ്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭേക്തൃ സമിതി ഹാജരാക്കുന്ന നിർമ്മാണ സാമഗ്രികളുടെ ബിൽ / വൗച്ചർ പ്രകാരമുള്ള തുക ചെലവഴിച്ചിട്ടുള്ളതായി പ്രസ്തുത ബില്ലിൽ കൺവീനർ എഴുതി ഒപ്പ വയ്ക്കുന്നില്ല.
2. മസ്റ്റർ റോളുകൾ അസി .എഞ്ചിനിയർ സാക്ഷ്യപ്പെടുത്തുന്നില്ല.
3. മെറ്റൽ, എം സാന്റ് എന്നിവ ലഭ്യമാക്കുന്ന ക്രഷർ യൂണിറ്റുകളിൽ നിന്നുള്ള ബില്ലുകൾ പലതിലും Authorised Signatory ഒപ്പിട്ടിട്ടില്ല.
4. വാറ്റ് റൂൾ അനുസരിച്ച് ഫാറം 8B യിലുള്ള ക്യാഷ് / ക്രഡിറ്റ് ബില്ലുകൾ ഹാജരാക്കുന്നതിന് പകരം ഇൻവോയിസ് ബില്ലുകളാണ് പല ഫയലിലും കാണപ്പെട്ടത്. ബിൽ അസി. എഞ്ചിനിയർ സാക്ഷ്യപ്പെടുത്തുന്നില്ല.
5. നിർമ്മാണ സാമഗ്രികൾ, വെള്ളം തുടങ്ങിയവ സൈറ്റിൽ എത്തിച്ച നൽകിയതിന്റെ ലോറി വൗച്ചറുകൾ അസി. എഞ്ചിനിയർ സാക്ഷ്യപ്പടുത്തുന്നില്ല.
6. മസ്റ്റർ റോളുകളിലെ തോഴിലാളികളുടെ ഒപ്പ് ഒരേ മഷിയിൽ ഓരേ കൈപ്പടയിൽ തയ്യാറാക്കിയതായി തോന്നുന്ന വിധത്തിലാണ് പല ഫയലിലും കാണപ്പെട്ടത്.

   ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

<u>കണ്ണൻപാറ കൊമ്പനേലി കുരിശുംമൂട് റോഡ് കോൺക്രീറ്റിംഗ്(90/17)</u>

ശ്രീ.വി.പി മാത്യൂ കൺവീനറായുള്ള ടി പ്രവൃത്തിയുടെ അളവ് പുസ്തകം 51/16-17 അനുസരിച്ച് പ്രവൃത്തിമൂല്ല്യം 494896/- രൂപയാണ്. ഗുണഭേക്തൃ സമിതി അംഗീകരിച്ച വര് ചെലവ് കണക്ക് 498360/-രൂപയാണ്. പ്രസ്തുത ചെലവിൽ ഉൾപ്പെടുന്ന മസ്റ്റർ റോൾ അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പാറയിൽ ഹാർഡ് വെയേഴ്സ് ,വടശ്ശേരിക്കര എന്ന സ്ഥാപനത്തിൽ നിന്നും 11ബിൽ മുഖേന 136675/- രൂപ ചെലവഴിച്ച് 355 പായ്ക്കറ്റ് സിമന്റ് വാങ്ങിയതിന്റെ ബിൽ Athorised Signatory ഒപ്പ വയ്ക്കുകയോ cash received സീൽ പതിക്കുകയോ ആയത് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല(ബിൽനം- 9626AB/24-02-17, 9605AB/24-02-17, 9585AB/23-02-17, 9959AB/22-02-17, 9540AB/22-02-17, 9524AB/22-02-17, 9507AB/21-02-17, 9547AB/20-02-17, 9427AB/18-02-17, 9408AB/17-02-17, 9409AB/17-02-17), മെറ്റൽ വാങ്ങിയതിന്റെ ബിൽ, ലോറി വൗച്ചറുകൾ(വെള്ളം ,മിക്സർ മെഷീൻ) എന്നിവയും അസി എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

<u>പെരുമ്പേക്കാവ് അമ്പലം പടി പേഴത്തിനാൽ റോഡ് കോൺക്രീറ്റിംഗ് (73/17)</u>

ശ്രീ.എസ്.ശ്രീകമാർ കൺവാനറായുള്ള ടി പ്രവൃത്തിയുടെ അളവ് പുസ്തകം 09/16-17 അനുസരിച്ച് പ്രവൃത്തിമൂല്ല്യം 273692/- രൂപയാണ്. ഗുണഭേക്തൃ സമിതി അംഗീകരിച്ച വരവ് ചെലവ് കണക്ക് 278911/-രൂപയാണ്. പ്രസ്തുത ചെലവിൽ ഉൾപ്പെട്ട 210378/- രൂപയുടെ മസ്റ്റർ റോൾ അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മസ്റ്റർ റോളിലെ തൊഴിലാളികളുടെ ഒപ്പുകൾ ഒരേ കൈയക്ഷരത്തിൽ ഉള്ളതാണെന്ന് തോന്നും. സതേൺ ഗ്രാനൈറ്റ്,ജണ്ടിയ്ക്കൽ,റാന്നി എന്ന സ്ഥാപനത്തിൽ നിന്നും മെറ്റൽ, എം.സാന്റ് എന്നിവ വാങ്ങിയതിന് സ്ഥാപനം നൽകിയ ബില്ലിൽ വാറ്റ് റൂൾ 58(10) പ്രകാരമുള്ള 8B ഫാറം എന്ന് രേഖപ്പെടുത്തിയിട്ടില്ല. ബിൽ പരിശോധിച്ച് അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.(ബിൽ നം.3154/11-01-17,32549/12-01-17,32555/12-01-17,31127/11-01-17,31141/12-01-17). വെള്ളം ,മിക്സർ മെഷീൻ എന്നിവയുടെ വൗച്ചർ അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിടിട്ടില്ല.

ഇപ്രകാരമുള്ള അപാകതകൾ ഓരോ പ്രവൃത്തിക്കും കൺവീനർമാർ ഹാജരാക്കിയിട്ടുള്ള ബിൽ/വൗച്ചറുകൾ /മസ്റ്റർ റോൾ എന്നിവയിൽ കാണുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/31-05-17) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ കൺവീനർ പ്രവൃത്തി സംബന്ധിച്ച് സമഗ്ര അന്വേഷണത്തിന് ഭരണതല (എൽ.എസ്.ജി.ഡി) അന്വേഷണത്തിന് ഒഡിറ്റ് ശുപാർശ ചെയ്യുന്നു.

# 3-27 <u>അലോട്ട്മെന്റ് തിരികെ നൽകി</u>

താഴെപ്പറയുന്ന രണ്ട് പ്രവൃത്തികൾക്കായി അസി. എഞ്ചിനിയർക്ക് നൽകിയിരുന്ന അലോട്ട്മെന്റുകൾ കൺവീനർ അക്കൗണ്ട് നം. ഹാജരാക്കിയില്ല എന്ന കാരണത്താൽ സെക്രട്ടറിക്ക് തിരികെ നൽകിയത് ക്യാൻസൽ ചെയ്തിരിക്കുന്നു.

| പ്രവൃത്തിയുടെ പേര് | അലോട്ടമെന്റ് തുക |
|---|---|
| പേഴംപാറ പുളിക്കൽപ്പടി ഞാറ്റപ്ലാക്കൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 498744 |
| തലച്ചിറ പൂക്കാട്ട് പടി പള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ് | 127716 |

മേൽ പ്രവൃത്തികളുടെ ബില്ലുകൾ യഥാ സമയം ട്രഷറിയിൽ സമർപ്പിക്കാതിരുന്നത് മൂലം 626460/- രൂപ മെയിൻറനൻസ് ഗ്രാന്റ് സ്പിൽ ഓവർ ആക്കുകയാണ് ചെയ്തത്. അസ്സിസ്റ്റന്റ് എഞ്ചിനീയർ ഈ വിഷയം ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-28 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല. വികസന ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് നഷ്ടം

2016-17 സാമ്പത്തിക വർഷം അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ചിരുന്ന താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികൾ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് പൂർത്തീകരിച്ച് ഫൈനൽ ബിൽ തുക നൽകാഞ്ഞത് മൂലം ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട വികസന ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 14418487/- രൂപ നഷ്ടപ്പെടുത്തി.ആയതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/30-05-17) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക |
|---|---|---|
| 1. | 43 ാം നം. അങ്കണവാടി കെട്ടിടനിർമ്മാണം (17/17) | 248000/- (MG-NR) |
| 2. | പള്ളിപ്പടി വേട്ടവൻ കാലായിൽപ്പടി റോഡ് കോൺക്രീറ്റിംഗ്(68/17) | 206177/- (MGR) |
| 3. | ചെറുകുളഞ്ഞി ലക്ഷം വീട് കോളനി പള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ് (70/17) | 197000/-(MGR) |
| 4. | പേഴംപാറ പള്ളിപ്പടി പുളിക്കൽപ്പടി ഞൊണ്ടപ്ലാക്കൽ പടി റോഡ് കോൺക്രീറ്റിംഗ്(81/17) | 499000/-(MGR) |
| 5. | ഞൊണ്ടപ്ലാക്കൽപ്പടി അറക്കൽപ്പടി ഹരിജൻ കോളനി റോഡ് കോൺക്രീറ്റിംഗ്(91/17) | 360726/-(DFSCP) |
| 6. | ബൗണ്ടറി അക്കേമൺ റോഡ് കോൺക്രീറ്റിംഗ്(94/17) | 330548/-(DFSCP) |
| 7. | കുരിശുംമൂട് താമരപ്പള്ളി ഥോട്ടം റോഡ് റീടാറിംഗ് (96/17) | 1040930/-(MGR) |
| 8. | ബ്രദർ മുക്ക് അക്കേമൺ റോഡ് കോൺക്രീറ്റിംഗ്(96/17) | 680000/-(MGR) |
| 9. | വാവോലിക്കണ്ടം പി.സി.പടി റോഡ് റീടാറിംഗ് (98/17) | 490000/-(MGR) |
| 10. | 17 ഏക്കർ പ്ലാന്റേഷൻ റോഡ് റീ ടാറിംഗ് (99/17) | 800000/-(DFSCP) |
| 11. | ജണ്ട ജംഗ്ഷൻ കുളത്തുങ്കൽപ്പടി റോഡ് റീടാറിംഗ് (100/17) | 562735/-(MGR) |

| | | |
|---|---|---|
| 12. | പരവേലിൽപ്പടി ചെവ്വൂർ കടവ് റോഡ് റീമെറ്റലിംഗ്, റീടാറിംഗ് (101/17) | 499265/-(MGR) |
| 13. | ന്യൂ യു.പി.എസ്, ഗവ.എൽ.പി.എസ് അടുക്കള നിർമ്മാണം (102/17) | 700000/-(MGNR) |
| 14. | ഹോമിയോ ആശുപത്രിക്ക് പാർട്ടീഷൻ , ടോയിലറ്റ് നിർമ്മാണം (103/17) | 200000/-(MGNR) |
| 15. | പി.എച്ച് സെന്ററിന് ലാബും മാലിന്യക്കുഴി നിർമ്മാണവും(107/17) | 400000/-(MGNR) |
| 16. | വാട്ടർ ടാങ്ക് മുള്ളൻ പാറ റോഡ് കോൺക്രീറ്റിംഗ് (112/17) | 495000/-(MGR) |
| 17. | താഴേമുറിപ്പടി ഓമത്താംകുഴി റോഡ് കോൺക്രീറ്റിംഗ് (119/17) | 326000/-(MGR) |
| 18. | വെള്ളിയറപ്പടി തെക്കുംമല 29 ലിങ്ക് റോഡ് കോൺക്രീറ്റിംഗ്(120/17) | 200000/-(MGR) |
| 19. | ബാലവാടി കാരംപറമ്പിൽ റോഡ് കോൺക്രീറ്റിംഗ്(121/17) | 335000/-(MGR) |
| 20. | മെഡിക്കൽ കോളജ് വാഴയിൽ റോഡ് കോൺക്രീറ്റിംഗ്(121/17) | 300000/-(MGR) |
| 21. | തലച്ചിറ പൂക്കോട്ട് പടി പള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ്(127/17) | 128000/-(MGR) |
| 22. | കൊമ്പനോലി പള്ളിപ്പടി ആലക്കൽ റോഡ് കോൺക്രീറ്റിംഗ്(128/17) | 495000/-(MGR) |
| 23. | നെല്ലിപ്പാറ പേഴുംകാട്ടിൽ പടി റോഡ് കോൺക്രീറ്റിംഗ്(129/17) | 404000/-(MGR) |
| 24. | കൊമ്പനോലി താന്നി നിൽക്കുന്നതിൽ പടി റോഡ് കോൺക്രീറ്റിംഗ്(131/17) | 450000/-(MGR) |
| 25. | കുമ്പളാംപൊയ്ക തലച്ചിറ വള്ളിയാനി റോഡ് റീടാറിംഗ്(132/17) | 637944/-(MGR) |
| 26. | ഫോറിൻ പടി കുളിക്കടവ് സ്റ്റെപ്പ് , കെട്ട്.ഡി.ആർ,പ്ലാറ്റ്ഫോം(134/17) | 410297/-(MGR) |
| 27. | മൃഗാശുപത്രി കെട്ടിടെ മൂന്നാം നിലയുടെ നിർമ്മാണം(140/17) | 1280501/-(WB) |
| 28. | 17 ഏക്കർ വടക്കേക്കര റോഡ് കോൺക്രീറ്റിംഗ്(147/17) | 495000/-(MGR) |
| 29. | 17 ഏക്കർ പ്ലാന്റേഷൻ റോഡ് റീടാറിംഗ്(148/17) | 400000/-(MGR) |
| 30. | കടമംപേരൂർ ഇ.എ.എൽ.പി.സ്കൂൾ പടിസെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ്(154/17) | 239070/-(MGR) |
| 31. | പേഴുംപാറ പള്ളിക്കൽ പടി റോഡ് തോണ്ടംപ്ലാക്കൽപ്പടി റോഡ് കോൺക്രീറ്റിംഗ്(155/17) | 41000/-(MGR) |

| | | |
|---|---|---|
| 32. | നെല്ലിപ്പാല തെക്കുംമല വിംറോക്ക് റോഡ് കോൺക്രീറ്റിംഗ്(156/17) | 296000/-(MGR) |
| 33. | താഴേമുറി ഓമത്താംകുഴി റോഡ് കോൺക്രീറ്റിംഗ്(157/17) | 122875/-(MGR) |
| 34. | മൃഗാശുപത്രി കെട്ടിടത്തിന്റെ മൂന്നാം നിലയുടെ ബാക്കി ഭാഗം നിർമ്മാണം(157/17) | 148419/-(WB) |
| | ആകെ | 14418487/- |

മേൽ വിഷയം സംബന്ധിച്ച് തുടർ നടപടികൾ ഭരണതലത്തിൽ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്-റാന്നി | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (161/16-17) | 0 | 200000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (26/17) | 2618250 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| വാട്ടർ അതോറിറ്റി | മണിയാർ കുടിവെള്ള പദ്ധതി (144/17) | 850000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| വാട്ടർ അതോറിറ്റി | കണ്ണമ്പാറ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(149/17) | 800000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## 4-4 വായ്പ

**(i)**വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2015-16 ൽ ലഭിച്ച | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് |
|---|---|---|---|---|---|

| | വായ്പ | | ചെലവഴിച്ച തുക | | സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

**(ii)** വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇല്ല | | | | | | | |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 1062 രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പരും തീയതിയും |
|---|---|---|---|---|
| 2008-09 മുതൽ 2011-12 വരെ | 3-28 | 1062 | മറിയാമ്മ, എൽ.ഡി ക്ലർക്ക് | 11603100229/15-04-2016 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 69246571 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54082051 |
| വരവിനങ്ങളിലുള്ള നഷ്ടം | 10050 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 52328 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 100000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 2-9 | 10050 | | കെ.ഗോപി, കെ സി സുരേഷ് കുമാർ എന്നീ സെക്രട്ടറിമാർക്ക് തുല്യമായി |

| | | | |
|---|---|---|---|
| 3-2 | | 52328 | ഗ്രാമപ്പഞ്ചായത്തിലെ 13ഭരണസമിതി അംഗങ്ങൾക്ക് തുല്യമായി |
| ആകെ | **10050** | **52328** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 100000 | ഡയറി ഫാം ഇൻസ്ട്രക്ടർ |
| ആകെ | **100000** | |

സി**)** കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി**)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ**)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ കെ സി സുരേഷ് കുമാർ<br>ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി | ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി<br>വടശ്ശേരിക്കര ഗ്രാമപ്പഞ്ചായത്ത് | കൊച്ചുമഠത്തിൽ<br>കുനംകര പി ഒ<br>റാന്നി പെരുനാട് |
| ശ്രീ കെ ഗോപി<br>ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി | സേവനത്തിൽ നിന്നും വിരമിച്ചു | നിരഞ്ജനം<br>NPN 70<br>NS നഗർ<br>പേരൂർക്കട<br>തിരുവനന്തപുരം |
| ശ്രീമതി സന്ധ്യാകുമാരി ബി<br>ഭരണസമിതി അംഗം | ഭരണസമിതി അംഗം | ഈറക്കൽ പുത്തൻവീട്<br>ചെറുകുളഞ്ഞി പി.ഒ |
| ശ്രീ തോമസ് കുട്ടി എൻ ജെ<br>ഭരണസമിതി അംഗം | ഭരണസമിതി അംഗം | നല്ലാനിക്കുന്നേൽ<br>ചെറുകുളഞ്ഞി പി ഒ-689672 |
| ശ്രീമതി സ്വപ്ന സൂസൻ ജേക്കബ്<br>വൈസ് പ്രസിഡന്റ് | വൈസ് പ്രസിഡന്റ് | താഴത്തില്ലത്ത്<br>വടശ്ശേരിക്കര പി ഒ-689662 |

| | | |
|---|---|---|
| ശ്രീമതി സാലി മാത്യു<br>ഭരണസമിതി അംഗം | ഭരണസമിതി അംഗം | വാഴപ്പിള്ളേത്ത് വീട്<br>ബൗണ്ടറി<br>പേഴുംപാറ പി ഒ- |
| ശ്രീ എബ്രഹാം കെ എം<br>ഭരണസമിതി അംഗം | ഭരണസമിതി അംഗം | കല്ലൂരേത്ത് വീട്<br>വടശ്ശേരിക്കര<br>പേഴുംപാറ പി ഒ |
| ശ്രീമതി സൈനബ റ്റി പി<br>ഭരണസമിതി അംഗം | ഭരണസമിതി അംഗം | പുത്തൻവീട്<br>വടശ്ശേരിക്കര<br>പേഴുംപാറ പി ഒ |
| ശ്രീ മണിയാർ രാധാകൃഷ്ണൻ<br>പ്രസിഡന്റ് | പ്രസിഡന്റ് | കളത്തിക്കുന്നേൽ<br>വടശ്ശേരിക്കര<br>മണിയാർ പി ഒ |
| ശ്രീ അജേഷ് മണപ്പാട്ട്<br>ഭരണസമിതി അംഗം | ഭരണസമിതി അംഗം | മണപ്പാട്ട് വീട്<br>കുമ്പളത്തുമൺ പി ഒ |
| ശ്രീ ബാലൻ എൻ വി<br>ഭരണസമിതി അംഗം | ഭരണസമിതി അംഗം | നിരവേൽ കോട്ടുകുളഞ്ഞി<br>വടശ്ശേരിക്കര<br>തലച്ചിറ ഏറം പി ഒ |
| ശ്രീമതി ബിന്ദു പ്രദീപ്<br>ഭരണസമിതി അംഗം | ഭരണസമിതി അംഗം | പേഴുംമൂട്ടിൽ<br>തേക്കുമല<br>തലച്ചിറ ഏറം പി ഒ |
| ശ്രീമതി മണിയമ്മ യശോദരൻ<br>ഭരണസമിതി അംഗം | ഭരണസമിതി അംഗം | ഓലിക്കൽ വീട്<br>ഇടത്തറ<br>വടശ്ശേരിക്കര പി ഒ |
| ശ്രീമതി റീന ജയിംസ്<br>ഭരണസമിതി അംഗം | ഭരണസമിതി അംഗം | കണ്ടംകുളത്ത്<br>ഇടത്തറ |

| | | |
|---|---|---|
| | | വടശ്ശേരിക്കര പി ഒ |
| ശ്രീ കെ ഇ തോമസ്<br>ഭരണസമിതി അംഗം | ഭരണസമിതി അംഗം | ബ്ലസ് കോട്ടേജ്<br>വടശ്ശേരിക്കര<br>കുമ്പളാംപൊയ്ക പി ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ.പി.6/1039/2011 തീയതി. 25-11- 2009 | 9 |
| 1996-97 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.5/747/2008 തീയതി 11-01-2010 | 4 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.3/651/1997 തീയതി.09-10-2000 | |
| 1997-98 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.5/748/2008 തീയതി.11-01-2008 | 1 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.3/534/1998 തീയതി.26-02-2009 | |
| 1997-98 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി.3/575/1999 തീയതി.02-02-2000 | |
| 1998-99(വരവ്) | എൽ.എഫ്.പി.റ്റി.എ.പി. 5/462/2009 തീയതി.11-05-2010/04-11-2011 | 2 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.3/213/2000 തീയതി.14-112000 | 18 |
| 1999-00(വരവ്) | എൽ.എഫ്.പി.റ്റി.എ.പി.5/751/2009 തീയതി.11-01-2010 | 2 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി. 4/243/2003 തീയതി.03-02-2003 | |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.4/446/2005 തീയതി.01-10-2005 | |
| 2000-01 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി.4/648/2003 തീയതി.14-01-2005 | |
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി.4/247/2008 തീയതി30-06-2009 | |
| 2001-02(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.4/447/2005 തീയതി.17-12-2005 | |
| 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി.4/649/2003 തീയതി.14-01-2005 | |
| 2002-03(വരവ്) | എൽ.എഫ്.പി.റ്റി.എ.പി.4/248/2008 തീയതി.31-07-09 | |

| | | |
|---|---|---|
| 2002-03(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.4/405/2007 തീയതി.26-03-2008 | |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി. 8/249/2008തീയതി.30-06-2009 | |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.5/754/2008 തീയതി.07-02-2010 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.6/755/2008 തീയതി.07-07-2010 | |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.8/23/2011 തീയതി.07-01-2013 | 31 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.8/24/2011 തീയതി.08-012013 | |
| 2008-09 മുതൽ 2011-12വരെ | എൽ.എഫ്.പി.റ്റി.എ.പി.6/97/2013 തീയതി.09-05-2013 | |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി.6/115/14 തീയതി.20-03-15/31-07-15 | |
| 2013-14,2014-15 | എൽ.എഫ്.പി.റ്റി.എ.പി.11/1151/146 തീയതി.05-06-16 | |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി6/975/16 തീയതി 30-08-2016 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**1**

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി 11/676/17 തീയതി :26-06-2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്,

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട

No.K.S.A.PTA. P11/676/17 Dated : 26-06-2017

**AUDIT CERTIFICATE**

Certified that I have examined the Annual Financial Statement of **Vadasserikkara Gramma Panchayat** in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Vadasserikkara Gramma Panchayat** for the year 2016-17 except the obeservations in my report properly presents the picture of income and expenditure.

**HABEEB MUHAMMED**

**Deputy Director**

**Kerala State Audit Department**

**Pathanamthitta**